Registered No. M-4485 Madras War Review, Malayalam—28-4-1944

# യുദ്ധസഞ്ചിക

വോള്യം III] മദിരാശി: 1944 ഏപ്രിൽ 28-ാംനു, വെള്ളിയാഴ്ച [ലക്കം 34



## സബാങ്ങ് ആക്രമണത്തിൻെറ പ്രാധാന്യം

കഴിഞ്ഞയാഴ്ചയിൽ സുമാട്രയുമായുണ്ടായ ഏററുമുട്ടലിൻെറ പ്രാധാന്യം, ഇമ്മാതിരി ഒരു സംഘട്ടനത്തിൽ ഇതു് പ്രഥമമാണെന്നുള്ളതുമാത്രമാണു്. ഇതിൻെറ ഫലമായി കിഴക്കോട്ടും ബലമായ ഒരു നോട്ടംകൂടിയേതീരൂ എന്നു ജാപ്പാൻകാർക്കു മിക്കവാറും മനസ്സിലായി. ഐക്യകക്ഷികളുടെ നാവികശക്തി കാണുവാൻ ജാപ്പാൻകാർക്കു അവസരമുണ്ടായില്ല. നാവിക സൈന്യത്തോടെതിരിട്ട മൂന്നു ജാപ്പാനീസ് ടോർപിഡോ ബോംബറുകളെ സമീപത്തെങ്ങും എത്തുന്നതിനുമുൻപു തകർത്തുകളഞ്ഞു.

ഇതു വളരെ പ്രബലമായ ഒരു കടൽ സൈന്യമായിരുന്നു. കപ്പലുകളിലൊന്നു്, ന്യൂസിലാണ്ടുകാർ, അമേരിക്കക്കാർ, പരന്ത്രീസ്സുകാർ, ലന്തക്കാർ, ഐക്യരാജ്യക്കാർ തുടങ്ങിയ വിവിധ രാജ്യങ്ങളിലേയും ആളുകളാൽ നിറക്കപ്പെട്ടിരുന്ന ഒരു സങ്കീർണ്ണ സംഘമായിരുന്നു.

ഈ സമുദ്രങ്ങളിലെ സഖ്യനാവികസൈന്യം വഴിമുടക്കികളെ—മാർഗ്ഗനിരോധികളെ—(Blockade runners) തേടിപ്പിടിച്ചു നശിപ്പിക്കുവാൻ സമർത്ഥമായിരുന്നു. ഇപ്രകാരമുള്ള ഒരു പ്രവർത്തനത്തിനിടക്കാണു്, കുറച്ചു മുൻപു രണ്ടു ജർമ്മൻമാർഗ്ഗനിരോധികൾ നശിപ്പിക്കപ്പെട്ടതു്.

സബാങ്ങിലെ എണ്ണക്കളങ്ങളുടെ നാശം തല്ക്കാലത്തേക്കു കുറെ എണ്ണയുടെ നാശമായി മാത്രമേ അനുഭവപ്പെടുകയുള്ളു. എങ്കിലും, കാലക്രമത്തിൽ ഇതു ഗൌരവമായ ഒരു നാശമായിത്തീരുന്നതാണു്. എന്തുകൊണ്ടെന്നാൽ, ജാപ്പാൻകാരുടെ ടാങ്കുകളുടെ നില ഗൌവരവാവഹമായിരുന്നു ; എണ്ണ ശേഖരിക്കുന്ന ടാങ്കുകൾ കൂടാതെ, ടാങ്കറുകളും സബാങ്ങിൽനിന്നു എണ്ണ കൊണ്ടുപോകുവാൻ ഉപയോഗിക്കേണ്ടിവരും.

സബാങ്ങ് ജപ്പാൻകാരുടെ ഒരു മുങ്ങിക്കപ്പൽ കേന്ദ്രമായിരുന്നതിന്നുംപുറമേ, സിങ്കപ്പൂരിലേക്കു ആരേയും കടത്താതെ കാക്കുന്നതിനുള്ള ഒരു ശക്തികേന്ദ്രംകൂടിയായിരുന്നു.

—അഡ്മിറൽ സർ ജേംസ് സോമർവില്ലിൻെറ തിങ്കളാഴ്ചത്തെ കൊളമ്പു ലേഖനത്തിൽനിന്നു്

## ഉള്ളടക്കം


| | ഭാഗം | | ഭാഗം |
|---|---|---|---|
| സബ്മാറീൻ ആക്രമണത്തിന്റെ പ്രാധാന്യം | 1 | ഒരു വീരബാലൻ | 7 |
| പദ്യങ്ങൾ | 2 | ബ്രിട്ടന്റെ ഓമന രാജകുമാരി | 8, 9 |
| ആഴ്ചക്കുറിപ്പുകൾ | 3 | നമ്മുടെ ഗ്രാമീണവീരൻ | 10 |
| സബ്മാറീൻ | 4, 5 | എ. ആർ. പി. സ്ത്രീസൈന്യം | 11 |
| ഒരു ഗുഢസങ്കേതം | 6 | ആകാശ ഭക്ഷണം | 12 |


## "ഉണരുവിൻ"

(കെ. കെ. ജി. പിള്ള)

(പകർപ്പവകാശം ഗ്രന്ഥകർത്താവിനു മാത്രം)

വഞ്ചിപ്പാട്ട്

ഉണരുവിൻ! ഉണരുവിൻ! സഹജരെ! നമ്മളെല്ലാം
ചുണയോടു കൂടിനിന്നു പൊരുതീടുവിൻ
താരിൽമാതുതലോടുന്ന ഭാരതാംബതൻ മുഖത്തു-
ചോരവീഴാൻ കാലമായിന്നരാതികളാൽ
ധീരശൂരവീരന്മാരെ! നമ്മളിന്നീയമ്മതന്റെ-
ചാരുസന്താനങ്ങളല്ലോ, മുതിർന്നീടുവിൻ!!
സൂരനസ്തമിച്ചിടാത്ത ധീരബ്രിട്ടീഷ് പതാകതൻ-
ഭൂരിശാന്തതണലിൽ നാം വളർന്നോരല്ലോ,
വൈരിനിഗ്രഹണത്തിന്നായ് ധീരർനമ്മളുണരേണം
കാര്യമെല്ലാം സാധിക്കേണം മടിച്ചിടാതെ.
പാരഖിലമുളവായ ഭീകരദാരിദ്ര്യത്തിനു
കാരണമിന്നരാതിതൻ ദുരഹങ്കാരം.
ഭാരതാംബ കണ്ണുനീരിലാറാടുന്നു; കുട്ടികൾ നാം-
ഘോരദുരിതത്തിൽപെട്ടു വലയുകയാൽ.
ധനംകൊണ്ടും, ദേഹംകൊണ്ടും, മനംകൊണ്ടുംനമ്മളിന്നു
മാനം പുലർത്തീടവേണം ഭാരതാംബതൻ.
ബ്രിട്ടീഷ്ക്കൊടി വിജയശ്രീയേറുപാറിക്കളിക്കട്ടെ!
പുഷ്ടമാകും ലേകസമാധാനം വരട്ടെ!

---

## ഒരു വിലാപം

(നായിക് കെ. എ. നാരായണൻ നായർ)

ഗാഥ

ഉല്ലാസമററിതാ നാളുകൾപോകുന്നു
മല്ലാക്ഷിമാർ മണിയെൻ തങ്കമേ!
രണ്ടരവർഷമായിണ്ടലാർന്നിങ്ങു ഞാൻ
മണ്ടനായ് കാലം കഴിച്ചിടുന്നു.
പട്ടാളംതന്നിൽ ഞാൻ പെട്ടോരുകാരണാൽ
കുട്ടിക്കാവേണ്ണിയെൻ യൌവനത്തെ
ആശയാം പാശത്താൽ കെട്ടിമുറുക്കിക്കൊ-
ണ്ടീശാ! ഞാനേററം തളർന്നിടുന്നു.
ഒന്നരവർഷമായെൻ ഗൃഹം വിട്ടുഞാ-
നിന്നുമെൻ ജീവിതമിങ്ങുതന്നെ.
ആറാറുമാസത്തിൽ വീടുകൾ പൂകുവാൻ
ആർഡറനുവദിക്കാത്ത മൂലം
ഖേദിച്ചിരിക്കുമെൻ മിത്രജനങ്ങളും
വേദനപൂണ്ടയ്യോ മേവിടുന്നു.
കൂട്ടിലടച്ചുള്ള മൈനകൾ പോലിതാ-
കൂട്ടമായ് കൂകുന്നു പഞ്ജരാന്തേ-
എന്നു നാം തങ്ങളിൽ കണ്ടെത്തുമെന്നതും
മന്ദസ്മിതം പൂണ്ടു ചൊല്ലുമോ നീ?
വെല്ലുമോ കുഞ്ഞുങ്ങൾ ഭാവിസമരങ്ങൾ
ലോകത്തിലന്നു നീ എന്തുചെയ്‌വൂ?
ഈ നിശാകാലത്തെ ഞങ്ങൾതൻ യൌവനം
മാനിനിയേക്കായിൽ പാഴിലല്ലേ?

[കുറിപ്പ്.—ഉചിതമെന്നു തോന്നിയ തിരുത്തുകൾ ഇതിൽ ചെയ്തിട്ടുണ്ട്. എല്ലാ വാരവും പദ്യമായോ ഗദ്യമായോ എന്തെങ്കിലും അയച്ചുതന്നു കൊണ്ടിരുന്നാൽ സഞ്ചികയിൽ "പട്ടാളപകർപ്പ്" എന്നൊരു പ്രത്യേക വിഭാഗം ആരംഭിച്ചു, അവ പ്രസിദ്ധപ്പെടുത്താം. സാഹിത്യാഭിരുചിയുള്ളവരെല്ലാവരും ശ്രദ്ധിക്കുവിൻ!]

## റഷ്യ

ജർമ്മൻ സൈന്യം റുമേനിയായിലെ ഭയം പ്രാപിച്ചതായി ഇതിനു മുൻപു സൂചിപ്പിക്കുകയുണ്ടായല്ലോ. അവിടം ഒരു വലിയ യുദ്ധരംഗമായി പരിണമിക്കാനുള്ള ലക്ഷണങ്ങളെല്ലാം കാണുന്നുണ്ടു്. രണ്ടു ജർമ്മൻ സൈന്യങ്ങൾ രണ്ടു വശങ്ങളിൽക്കൂടി റുമേനിയയിൽ പ്രവേശിച്ചിരിക്കുന്നു. ഇതിൽ ഒന്നു് വോൺക്ലീസ്റ്റ് (Von Kliest) ന്റെ കീഴിലും, ഒന്നു് വോൺ മാൻസ്റ്റയി (Von Manstein)നിന്റെ കീഴിലുമാണു്. ഈ രണ്ടു സൈന്യങ്ങളേയും പിൻതുടർന്നുകൊണ്ടു് ഓരോ റഷ്യൻ സേനയും റുമേനിയയിൽ പ്രവേശിച്ചിട്ടുണ്ടു്. രണ്ടു ഭാഗത്തുമുള്ള മർദ്ദനം വർദ്ധിക്കുമ്പോൾ, ജർമ്മൻ സേനാധിപന്മാർ അവരുടെ സേനയെ ഒന്നിച്ചുകൂട്ടി ഒരു വലിയ പ്രത്യാക്രമണത്തിന്നു ഒരുങ്ങാനിടയുണ്ടു്.

## ആഴ്ചക്കുറിപ്പുകൾ

ഏപ്രിൽ അഞ്ചാം തിയ്യതി റിബ്ബൻട്രോപ്പ് (Ribbentrop) റുമേനിയൻ പ്രസ്സ് ഏജൻറുമായുള്ള അഭിമുഖസംഭാഷണത്തിൽ, ജർമ്മനി റുമേനിയാ കൈവിടാൻ ആലോചിക്കുന്നതിനെ അവഹേളിച്ചുകൊണ്ടു്, ഇപ്രകാരം പറഞ്ഞിരിക്കുന്നു: "നമുക്കു ബർലിൻ തന്നെ കൈവിട്ടുകളയാമല്ലോ. ജർമ്മൻ ഭടന്മാർ റുമേനിയയെ തങ്ങളുടെ രാജ്യമെന്നപോലെ രക്ഷിക്കുമെന്നു നമുക്കുറയ്ക്കാം." ഇതിൽനിന്നു് സ്ഥിതിയുടെ ഗൌരവം വെളിവാകുന്നുണ്ടു്. റുമേനിയാ കൈവിട്ടുവെങ്കിൽ ജർമ്മൻകാരുടെ അഭിമാനത്തിന്നു് ഹാനി സംഭവിക്കുമെന്നതിന്നു പുറമെ, അവരുടെ രക്ഷയിലിരിക്കുന്ന ചെറുരാജ്യങ്ങൾക്കെല്ലാം അവരിൽ വിശ്വാസക്കുറവും വരുന്നതാണല്ലോ. ഈ ഘട്ടത്തിൽ അങ്ങിനെയൊരവിശ്വാസം അവരുടെ പേരിലുണ്ടാവുന്നതു് ഒരു തരത്തിലുമാശാസ്യമല്ലല്ലോ.

## ജർമ്മനിയും ടർക്കിയും

ഏപ്രിൽ 20-ാം തിയ്യതിയിലെ കമ്പിവാർത്തയിൽ, ടർക്കി ജർമ്മനിയിലേക്കു ക്രോം സാധനങ്ങൾ കയററിയയക്കുകയില്ലെന്നായി പ്രസ്താവിക്കുന്നുണ്ടു്. ഇതുവരെ, ഒററതിരിഞ്ഞു നില്ക്കുന്ന ടർക്കി, തൻെറ മനോഭാവം പ്രത്യക്ഷമാക്കാതെയിരിക്കുകയാണു് ചെയ്തിരുന്നതു്. ഇരുപക്ഷക്കാരോടും അലോഹ്യം കാണിക്കാതെ, കഴിയുന്ന സൌകര്യം ഇരുകൂട്ടർക്കും ചെയ്തുകൊടുക്കുക, എന്ന നയമായിരുന്നു ഇതുവരെ ടർക്കി അവലംബിച്ചിരുന്നതു്. ഈ വർത്തമാനത്തിൽനിന്നു്, ടർക്കി അച്ചുതണ്ടുശക്തികൾക്കു അനുകൂലമല്ലെന്നു് അറിയാം. ഇതു നമുക്കു സന്തോഷകരമായ ഒരു വർത്തമാനമാണല്ലോ.

## ഒരു ബാലൻെറ വിചാരം

(ഓട്ടൻ—മട്ടു്)

സുമതികളായ ജനത്തിനശേഷം
സുഖഗതി നൽകിയുമതുപോലെന്നും
കുമതികൾതന്നുടെ ഹുങ്കുകൾ നീക്കി
ശ്രമധനമങ്ങു കൊടുക്കും ദേവൻ
മമമനതാരിൽ വിളങ്ങിടാനായ്
അനുദിനമിങ്ങു നമിച്ചിടുന്നേൻ.
യുദ്ധംമൂലം ജനതതിയെല്ലാം.
ബദ്ധപ്പാടിലണഞ്ഞു വശായി
ദാരിദ്ര്യംവന്നുലകിൽ വളഞ്ഞു.
ഭൂരിഗുണങ്ങളുമില്ലാതായി.
ദുർജ്ജനതതിതൻ മത്സര ധൂർത്താൽ
ഇജ്ജനതയ്ക്കു കുഴപ്പമണഞ്ഞു.
ധർമ്മാധർമ്മ മറിഞ്ഞു ഭരിയ്ക്കും
ധാർമ്മികനാകും ബ്രിട്ടൻഭരണം
ധർമ്മംലോകേ നിലനിർത്തട്ടെ !!
ശർമ്മമെവർക്കു മുദിപ്പിയ്ക്കട്ടെ !!

# യുദ്ധസഞ്ചിക

## ആഴ്ചപ്പതിപ്പ്

1944 ഏപ്രിൽ 28-ാംനു, വെള്ളിയാഴ്ച

## സബാങ്ങ്

കഴിഞ്ഞ ലക്കത്തിൽ അമേരിക്കക്കാരുടെ വിമാനാക്രമണത്തെപ്പററി സൂചിപ്പിച്ചിട്ടുണ്ടു്. ഈ ആഴ്ച, സബാങ്ങ് എന്ന ജാപ്പാനീസ് പ്രവൎത്തനകേന്ദ്രത്തിൽ അഡ്മിറൻ സോമർവില്ലിന്റെ നേതൃത്വത്തിൽ ഒരു വമ്പിച്ച നാവികാക്രമണം നടത്തുകയുണ്ടായി. ഇതു് ഭാവിയെ സംബന്ധിച്ചേടത്തോളം ശുഭസൂചകമായി കരുതാവുന്നതാണു്. ജാപ്പാൻ-അമ്മേരിക്കൻ യുദ്ധം തുടങ്ങിയിട്ടു രണ്ടു കൊല്ലത്തിലധികമായെങ്കിലും, ഇതുവരെ രണ്ടുകൂട്ടരുടേയും നാവികസൈന്യങ്ങൾ കൂട്ടിമുട്ടുകയുണ്ടായിട്ടില്ല. അമ്മേരിക്കയിൽനിന്നു ഇത്ര ദൂരത്തു സുമാട്ര വരെ — വന്നു്, ഒരാക്രമണം നടത്തേണമെങ്കിൽ അമ്മേരിക്കൻ നാവികസേന, അത്യന്തം വിപുലവും, ആക്രമണശക്തികൂടിയതും, ആയിട്ടുണ്ടെന്നു തീർച്ചമാനിക്കാവുന്നതുമാണു്. യൂറോപ്യരംഗത്തിലെ യുദ്ധം അവസാനിച്ചാൽ, ശാന്തസമുദ്രരംഗത്തിലെ നാവിക സംഘട്ടനമായിരിക്കും ഈ മഹായുദ്ധത്തിലെ മറെറാരു പ്രധാന സംഭവം. ശാന്തസമുദ്രത്തിൽ ചിന്നിച്ചിതറിക്കിടക്കുന്ന പല ദ്വീപുകളേയും പ്രവൎത്തനകേന്ദ്രങ്ങളാക്കിയിട്ടാണു് ഇപ്പോൾ ജാപ്പാൻ യുദ്ധം നടത്തിവരുന്നതു്. ഇതിൽ ഓരോന്നിനേയും മടക്കിപ്പിടിച്ചാലല്ലാതെ ജാപ്പാന്റെ സൈനികശക്തിക്കു് ക്ഷയം വരികയില്ല. ഇവയെല്ലാംതന്നെ അവരുടെ സൈനികശരീരത്തിന്റെ ഓരോ അവയവമായിട്ടു കരുതാവുന്നതാണു്. കൈകളും കാലിന്നും സ്വാധീനമുള്ളേടത്തോളംകാലം ഒരു മനുഷ്യൻ ഒതുങ്ങിയിരിക്കുന്നതല്ലല്ലോ. ഓരോ അംഗവും ഛേദിച്ചുതന്നെവേണം അയാളെ അവശനാക്കുവാൻ. അങ്ങിനെ ഒരു നയമാണു് ഈ ആക്രമണം സൂചിപ്പിക്കുന്നതു്. ഇതുപോലെ പല ആക്രമണങ്ങളും ശാന്തസമുദ്രത്തിന്റെ പല ഭാഗങ്ങളിലുമായി നടത്താൻ അമ്മേരിക്ക സന്നദ്ധമായിട്ടുണ്ടെന്നുള്ളതിലേക്കു് വേറേയും ദൃഷ്ടാന്തങ്ങളുണ്ടു്. ശാന്തസമുദ്രത്തിന്റെ മദ്ധ്യപ്രദേശങ്ങളിലുള്ള ജാപ്പാൻ പ്രവൎത്തനകേന്ദ്രങ്ങളിൽ, അഡ്മിറൽ ചെസ്റ്റർ നിമിററ്സ് (Admiral Chester Nimitz) ഇതിന്നുമുമ്പുതന്നെ ദൃഷ്ടിപതിപ്പിക്കുകയും, പലൊ (Palau) എന്ന ദ്വീപിനെ ആക്രമിക്കുകയും ഉണ്ടായിട്ടുണ്ടു്. മറെറാരു ഭാഗത്തു് കേണൽ നോക്സ് (Colonel Knox) സേനാസന്നാഹം ചെയ്തു ആക്രമണം തുടൎന്നുവരുന്നു. ഈ ആക്രമണ പരിപാടിയുടെ ഒരു ഭാഗമാണു് അഡ്മിറൽ സോമർവില്ലിന്റെ പ്രയോഗം. സിങ്കപ്പൂര് വീണ്ടെടുക്കുന്നതിലേക്കു ഒരു ഗണപതിക്കയ്യായും ഈ പരിശ്രമത്തെ കരുതാം.

## ബൎമ്മാ രംഗം

ഈ രംഗത്തിലും ഈ ആഴ്ചയിൽ തീവ്രമായ ചില പ്രയത്നങ്ങൾ നടക്കുന്നുണ്ടു്. ഇരുകക്ഷികളും ലക്ഷ്യമാക്കിയിരിക്കുന്നതു് കൊഹിമാ പട്ടണത്തെയാണു്. അതിന്റെ സമീപമെത്തിയാൽ ശത്രുസൈന്യത്തെ നേരിടുവാനായി ഐക്യശക്തികൾ കുറെ ദിവസമായി ശ്രമിച്ചുവരികയാണു്. അടുത്തു കിട്ടിയ കമ്പിവൎത്തമാനംകൊണ്ടു്, അവർ നേരിട്ടതായി അറിയുന്നു. ജാപ്പാൻ സേന ഇപ്പോഴും ഒരു കുന്നിനെ ആസ്പദമാക്കിയാണു് നില്ക്കുന്നതു്. നിരന്നസ്ഥലത്തു വന്നു എതിരിടുവാനായി ഇപ്പോഴും അവർ ഒരുക്കമില്ലെന്നാണല്ലോ ഇതിൽനിന്നൂഹിക്കേണ്ടതു്. ഐക്യസേന പുരോഗമനം ചെയ്തുകൊണ്ടുതന്നെയിരിക്കുന്നു. ബിഷെൻപുർ-സിൽച്ചാർ (Bishenpore-Silchar) റോഡ് കൈവശമാക്കാൻ ജാപ്പാൻകാർ ചെയ്ത ശ്രമം വിഫലമായി. അവർ വമ്പിച്ച സേനാസന്നാഹം ചെയ്തിട്ടുണ്ടെന്നുള്ളതിലേക്കും ദൃഷ്ടാന്തമുണ്ടു്. പക്ഷെ വെളിച്ചത്തുവരുവാൻ എന്തോ മടികാണിക്കുന്നതുപോലെയിരിക്കുന്നു.

ജാപ്പാന്റെ പ്രചരണം അവരുടെ യുദ്ധോദ്ദേശങ്ങൾക്കു അനുസരിച്ചതാണെന്നു പറയാം. ഏപ്രിൽ 4-ാം തിയ്യതി 17-ാം ഇന്ത്യൻ സൈന്യത്തെ നശിപ്പിക്കുമെന്നു അവർ ഉറച്ചതു അവക്കതു സാധിക്കുമെന്നുള്ള വ്യാമോഹംകൊണ്ടു മാത്രമാണു്. കൊഹിമ പിടിച്ചതിനെപ്പററി പിന്നീടു പലപ്പോഴും ഒച്ചപ്പാടുണ്ടാക്കിയിരുന്നു. എന്നാൽ സഖ്യസൈന്യം അവരെ അവിടന്നു ആട്ടിപ്പായിച്ചു കഴിഞ്ഞു. ഇംഫാലാകട്ടെ നേരിട്ടാക്രമിക്കുവാൻ അവൎക്കു ഇനിയും കഴിഞ്ഞിട്ടില്ല.

ഇങ്ങിനെയൊക്കെയാണെങ്കിലും, "ജാപ്പാൻകാർ അതിർത്തികളെ ഭേദിച്ചു, ഇന്ത്യയിൽ കടന്നു നിരവധി വിജയങ്ങൾ നേടിവരുന്നു" എന്നു ടോജ്ജാ ഏപ്രിൽ 15-ാം തിയ്യതി പ്രക്ഷേപണം ചെയ്തു കാണുന്നതു്", തന്റെ പടിഞ്ഞാറൻ സഖിയെ സമാധാനിപ്പിക്കാനായിരിക്കുമെന്നേ വിചാരിക്കാൻ കഴിയുന്നുള്ളൂ. ഇത്രയെല്ലാം ജയശ്രുതി മുഴക്കിക്കഴിഞ്ഞു, ഒടുവിൽ "ഇംഫാൽ പ്രദേശത്തെ സ്ഥിതി നമുക്കനുകൂലമാണെ"ന്നു പറഞ്ഞു ഒതുങ്ങിയിരിക്കുന്നതിനുപകരം, ഐക്യശക്തികളുടെ ശ്രദ്ധ അരാക്കനിലെ കലാഡൻ പ്രദേശത്തേക്കു തിരിച്ചുവിടുവാൻ ശ്രമിക്കുന്നു. ഇതിന്റെയെല്ലാം പ്രാധാന്യമെന്തെന്നു കണ്ടറിയേണ്ടതായിട്ടാണിരിക്കുന്നതു്. എന്നാൽ ഐക്യശക്തികൾ ഈ സന്ദർഭം വെറുതെ വിട്ടു കളയുകയില്ലെന്നു വിശ്വസിക്കാം.

## യൂറോപ്പ്

ഐക്യശക്തികളുടെ നേതൃത്വത്തിലുള്ള വിമാനാക്രമണം തുടർന്നുകൊണ്ടിരിക്കുന്നു. ഇതോടുകൂടി മററൊരു സമരമുഖം ആരംഭിക്കുന്നതിനെപ്പററിയുള്ള സംസാരങ്ങളും പ്രബലമായിട്ടുണ്ടു്. മോസ്കോവിൽനിന്നുള്ള റിപ്പോർട്ടും, അവിടെ എന്തോ ഒരു വലിയ സന്നാഹം നടക്കുന്നുണ്ടെന്നു തെളിയിക്കുന്നു. ബ്രിട്ടന്റെയും, അമേരിക്കയുടെയും, പ്രയത്നങ്ങളോടുകൂടി ഏകീകരിക്കാനുള്ള ശ്രമമായിരിക്കണം ഇതു്. റഷ്യ ജർമ്മനിയിലേക്കു പ്രവേശിക്കുന്നതു പോളണ്ടിൽ കൂടിയോ, ചെക്കോസ്ലോവാക്കിയയിൽ കൂടിയോ, ആയിരിക്കുമെന്നും; അധികൃതകേന്ദ്രങ്ങളിൽനിന്നു സൂചനകൾ ലഭിക്കുന്നുണ്ടു്. റഷ്യൻ രംഗത്തിൽനിന്നു പിൻവാങ്ങി, അതിഭയങ്കരമായേക്കാവുന്ന ഈ ആക്രമണത്തെ തടുക്കുവാൻ, അവരും മുൻകരുതലുകൾ ചെയ്യുന്നുണ്ടെന്നു ഊഹിക്കേണ്ടിയിരിക്കുന്നു. നവമ്പർ മാസം വരെ എതിർത്തു നില്ക്കാൻ സാധിച്ചാൽ, പിന്നീടു വൈഷമ്യം കൂടാതെ കഴിക്കാമെന്നാണു് അവർ വിശ്വസിക്കുന്നതു്. ആ മാസത്തിലാണു് ഐക്യസംസ്ഥാനത്തിലെ പ്രസിഡെന്റിന്റെ തെരഞ്ഞെടുപ്പു്. റൂസ്‌വെൽററിനു ആ സ്ഥാനം കിട്ടാതെ പോയാൽ അമേരിക്ക ഇപ്പോഴത്തെപ്പോലെ യുദ്ധത്തിൽ പങ്കെടുക്കുകയില്ലെന്നാണു് ജർമ്മൻകാരുടെ അനുമാനം. എന്നുമാത്രമല്ല അമേരിക്കക്കാരുമായും, അഥവാ ബ്രിട്ടീഷുകാരുമായും, ഒരു സന്ധി ചെയ്യുവാൻ സൌകര്യമുണ്ടാകുമെന്നുകൂടി അവർ ആശിക്കുന്നുണ്ടു്. എന്നാൽ, തോൽവി പററിയെന്നുള്ള ജാള്യത ഉണ്ടാകുന്നതല്ലല്ലോ.



ഇന്ത്യൻ യുദ്ധത്തടവുകാർക്കായി, ഇന്ത്യൻ വനിതകൾ, ലണ്ടനിലെ ഇന്ത്യാ ഹൌസിൽ വെച്ചു, പാർസലുകൾ തയ്യാറാക്കുന്നതു് മഹാറാണി തിരുമനസ്സുകൊണ്ടു ആഹ്ലാദപൂർവ്വം തൃക്കൺപാർക്കുന്നു.

# ഒരു ഗൂഢ സങ്കേതം

## (സുഭദ്ര)

(തുടർച്ച)

### അദ്ധ്യായം II

(ചാരചക്കസ്സ്.)

വായനക്കാരെ ഇനി മറെറാരു രംഗത്തിലെക്കു ക്ഷണിക്കേണ്ടിയിരിക്കുന്നു. ഹിററ്ലരുടെ മുൻപിൽ പ്രവേശിച്ച മായാവനിത വന്നതുപോലെതന്നെ പോകയും ചെയ്തു. അവർ ഒരു ഇംഗ്ലീഷുകാരനുമായി കൂട്ടിമുട്ടിയ കഥ പ്രസ്താവിക്കയുണ്ടായല്ലൊ. ചാരവൃത്തിയിലേപ്പെട്ടിരിക്കുന്ന ആ യുവരസികൻ ഹിററ്ലരുടെ വിശ്വാസഭാജനത്തെ തേടിനടക്കാൻ തുടങ്ങീട്ടു കുറച്ചു കാലമായിരിക്കുന്നു. അവരെ ഹോട്ടലിൽ വെച്ചു കണ്ടുമുട്ടിയ ദിവസം, ജമ്മൻ ജസ്റ്റാപ്പോ പ്രമാണിയും ആ രംഗത്തിൽ ചാടുകയുണ്ടായല്ലൊ. അവർ രണ്ടുപേരും കൈത്തോക്കു അന്യോന്യം കാണിച്ചുനിന്നു. ആ ഘട്ടത്തിൽ ഹോട്ടൽമാനേജരും അവിടെ പ്രത്യക്ഷമായി. ആ രംഗം ആയാളെ കണക്കിലധികം പരിഭ്രമിപ്പിച്ചുവെന്നു പറയേണ്ടതില്ലല്ലൊ. ഹോട്ടലിൽ വരുന്നവരിൽനിന്നു കിട്ടേണ്ടതായ തുക വാങ്ങേണമെന്നല്ലാതെ മറെറാന്നും ആയാൾ ആലോചിക്കാറില്ല. "ആ മുറിയിൽനിന്നൊഴിഞ്ഞുപോയ സ്ത്രീ എൻെറ ഏജൻറു മുറിയിലുണ്ട്. ആയാളെ കണ്ടു പണം വാങ്ങിക്കൊൾക" എന്നു പറഞ്ഞതുകൊണ്ടാണ് ആയാൾ മുറിയിലേക്കു കയറിവന്നതും.

ഇയ്യാളുടെ സംഭ്രമംകണ്ടു ജസ്റ്റാപ്പോ പ്രമാണിയും ഇംഗ്ലീഷുകാരനും അവരുടെ സാഹസാരംഭങ്ങൾ മതിയാക്കി. ജസ്റ്റാപ്പോ പ്രമാണി "ഇതാ ഞാൻ ചെക്കു തരാം" എന്നു പറഞ്ഞു മാനേജരെ അനുഗമിച്ചു. ഉടനെ ഇംഗ്ലീഷുകാരനും "എൻെറ ചെക്കും വാങ്ങിക്കൊൾക, ഞാനും പോകുകയായി," എന്നു പറഞ്ഞു.

ഇവിടെനിന്നു ഇംഗ്ലീഷുകാരൻ നേരെ പോയതു ബെൽജിയം രാജാവു തല്ക്കാലം വാസത്തിനേപ്പെടുത്തിയിരുന്ന കൊട്ടാരത്തിലേക്കാണ്. സമയം തെററിയിരുന്നതിനാൽ അകത്തു പ്രവേശിക്കുവാൻ വിഷമമുണ്ടായി, എങ്കിലും പരിചിതനായിരുന്നതിനാൽ, അദ്ദേഹത്തെ രാജസന്നിധിയിലേക്ക് ആനയിക്കുവാൻ കൊട്ടാരം കാര്യക്കാർ തയ്യാറായി. അടിയന്തരമായ ഒരു കാര്യം രാജാവിനെ അറിയിക്കാൻ ബ്രിട്ടൻെറ പ്രതിനിധി വന്നിരിക്കുന്നുവെന്നുകൂടി രാജാവിനോടു ഉണർത്തിക്കേണമെന്ന് പ്രത്യേകം നിർദ്ദേശിക്കുകയും ചെയ്തു. രാജസന്നിധിയിലെത്തിയ ഉടനെ ഇംഗ്ലീഷുകാരൻ പതിവുപോലെ അഭിവാദ്യം ചെയ്തു ഇങ്ങിനെ പ്രസ്താവിച്ചു:

ഇംഗ്ലീഷുകാരൻ: കീഴടങ്ങുവാനുള്ള ഉടമ്പടി ഒപ്പിടുവാൻ തീർച്ചപ്പെടുത്തിയൊ?

രാജാവു: എൻെറ പ്രജകൾ ലക്ഷക്കണക്കായി മരിക്കുന്നതു എത്ര നാളാണ് ഞാൻ കണ്ടുകൊണ്ടിരിക്കുക? ജമ്മൻ വിമാനങ്ങൾ വരുത്തിക്കൂട്ടുന്ന നാശവും സങ്കടങ്ങളും നിങ്ങൾതന്നെ കണ്ടറിഞ്ഞില്ലേ? ഒരു ബന്ധുവിൻെറ പിൻബലമുണ്ടെന്നു എനിക്കു ബോദ്ധ്യമായതിന്നു ശേഷമല്ലാതെ അവരോടു വൈരം കാണിക്കുവാൻ നിവൃത്തിയുണ്ടോ?

ഇം: സഹായസൈന്യം പുറപ്പെട്ടിട്ടുണ്ട്.

ബ. രാ: അതു വരുമ്പോഴേക്കു ഇവിടെ ഞാനും എൻെറ രാജ്യവും ബാക്കിയുണ്ടാവുമെന്നു തോന്നുന്നില്ല.

ഇം: കാലവും സ്ഥിതിയും അറിയണം. ജമ്മൻകയ്യേററത്തിൻെറ നേരെ കാണിക്കുന്ന ധൈര്യക്ഷയം ലോകനാശത്തിലാണ് അവസാനിക്കുന്നതെന്നോക്കണം. അഞ്ചുനിമിഷം നിലനിൽത്തുന്ന ക്ഷമ, അയ്യായിരംകൊല്ലത്തെ സമാധാനം സമ്പാദിച്ചുവെന്നുവരാം. അങ്ങിനെ "തുള്ളിക്കു കെട്ടാൻ" വെച്ചതുപോലെയാണ് ഇപ്പോൾ ലോകത്തിൻെറ സ്ഥിതി.

ബ. രാ: നിങ്ങളുടെ തത്വജ്ഞാനം എനിക്കു മനസ്സിലാകായ്കയല്ല. എൻെറ സർവ്വസ്വവും നശിപ്പിച്ചു ലോകത്തെ രക്ഷിക്കുക എന്ന അന്തംവിട്ട ആദർശത്തെ അംഗീകരിക്കുവാൻ എൻെറ മനസ്സ് സമ്മതിക്കുന്നില്ല. ലോകസമാധാനത്തിന്നുവേണ്ടിയായിരുന്നില്ലേ കഴിഞ്ഞ മഹായുദ്ധവും നടത്തിയതു്? ബെൽജിയവും ഫ്രാൻസും എത്ര നഷ്ടം സഹിച്ചു? എന്നിട്ടെന്തു ഫലമുണ്ടായതു്? അതിലും ഭയങ്കരമായ മറെറാരു മഹായുദ്ധത്തിന്നു അവസരമുണ്ടാക്കി. അത്രതന്നെ.

ഇം: അന്നു ബൻജിയത്തിൻെറ ത്യാഗമാണ് വിജയം കൈവരുത്തിയതെന്നുള്ളതിലേക്കു സംശയമുണ്ടോ? ഇരുപതുകൊല്ലത്തെ സമാധാനവും അതിൻെറ ഫലമാണ്.

ബ. രാ: ഇങ്ങിനെ ത്യാഗംചെയ്തു യുദ്ധവും സമാധാനവും ഇടയ്ക്കിടക്ക് ഉണ്ടാക്കുന്നതുകൊണ്ടു ലോകത്തിന്നുള്ള നേട്ടമെന്തെന്ന് എനിക്കു മനസ്സിലാകുന്നില്ല. ഈ സ്ഥിതി പ്രത്യേകപ്രയത്നംകൂടാതെതന്നെ ലോകത്തിൽ സംഭവിക്കുന്നുണ്ടെന്നതിന്നു ചരിത്രം സാക്ഷിയല്ലേ? അതുകൊണ്ട് തല്ക്കാലരക്ഷ നോക്കുകയെ നിവൃത്തിയുള്ളു.

ഇം: യുദ്ധാനന്തരം ബൽജിയം പണ്ടത്തെ നിലയിലെത്തുവാൻ ഇംഗ്ലണ്ടു സഹായിക്കുകയുണ്ടായില്ലേ?

ബ. രാ.: ആപത്തു നീക്കാനല്ലേ സഹായം വേണ്ടതു്? അതു കഴിഞ്ഞതിന്നുശേഷം കിട്ടുന്ന സൌകര്യം മരണാനന്തരം സംസ്കാരം ചെയ്യുന്നതിന്നു തുല്യമല്ലേ?

ഇം: ഇത്തരത്തിൽ ആലോചന പോകരുതു്. ലോകത്തിൽ ഭൂകമ്പമുണ്ടായി എത്ര കഷ്ടങ്ങൾ നേരിടാറുണ്ട്. അതു തടുക്കാൻ ആക്കെങ്കിലും സാധിക്കുമോ? അതുപോലെ പെട്ടെന്നുണ്ടായ ഒരത്യാപത്താണ് ഈ മഹായുദ്ധം. അതുകൊണ്ടു തല്ക്കാലം ഒന്നു "വാങ്ങിത്തടുക്കുക" യാണ് വേണ്ടതു്. ബ്രിട്ടീഷു കപ്പൽ വന്നു നില്ക്കുന്നുണ്ട്. ഈ അദ്ധരാത്രിയിൽ ആരുമറിയാതെ അക്കരകടക്കാം.

ഈ ഘട്ടത്തിൽ രാജാവിൻെറ പിൻവശത്തുനിന്നു വാതിൽ തുറന്നു യൌവനയുക്തയായ ഒരു സ്ത്രീ പ്രവേശിച്ചു. ഹോട്ടലിൽ കണ്ട സ്ത്രീയുമായി അവൾക്കുണ്ടായിരുന്ന സാദൃശ്യം ഇംഗ്ലീഷുകാരനെ അത്ഭുതപരവശനാക്കി. അവർ ഒരു കടലാസ്സുകൊണ്ടു വന്നിട്ടുണ്ടായിരുന്നു. വേറെ രണ്ടാളുകൾ സൈനികവേഷത്തിൽ എതിർവശത്തുനിന്നും പ്രവേശിച്ചു. സംഭാഷണം ആരംഭിച്ചതു സ്ത്രീയാണ്. തത്സമയം കൊട്ടാരത്തിൻെറ മുൻപിൻ ഒരു ബോമ്പു വീണു. വേറെ രണ്ടെണ്ണം കൊട്ടാരപാർശ്വങ്ങളിലുള്ള കെട്ടിടങ്ങളെ നിലം പതിപ്പിച്ചു. കൊട്ടാരം ഒന്നു കുലുങ്ങി. അതുവരെ സംശയഗ്രസ്തമായ രാജാവിൻെറ ഹൃദയം നിശ്ചയത്തിലേക്കു ചാഞ്ഞു.

സ്ത്രീ: കേട്ടില്ലേ ബോമ്പുകൾ പൊട്ടുന്ന ശബ്ദം? അടുത്തു വീഴുന്ന ബോമ്പുകളിലൊന്നു കൊട്ടാരത്തിന്മേലാവാൻ പ്രയാസമൊന്നുമില്ല.

സൈനികവേഷത്തിലുള്ള ഒരാൾ: ബൽജിയം രാജാവിന്നു വിവേകം കുറച്ചുകൂടി അവശേഷിച്ചിട്ടുണ്ടെന്നുള്ള ബോധം കൊണ്ടാണ് ഈ കൊട്ടാരം തകക്കാതിരിക്കുന്നതു്. ഉടമ്പടി ഒപ്പിടുവാൻ ഇനിയും താമസിക്കുന്നതായാൽ, പിന്നെ കാര്യങ്ങൾ നിയന്ത്രിക്കുവാനുള്ള ശക്തി ഞങ്ങൾക്കില്ലാതെയാവും.

രാജാവ് ഒരു ഭാഗത്തു നില്ക്കുന്ന സ്ത്രീയേയും, മറുഭാഗത്തു നില്ക്കുന്ന പട്ടാള ഉദ്യോഗസ്ഥനേയും, മാറിമാറി നോക്കി, ഗത്യന്തരമില്ലാത്ത ഒരു വ്യക്തിയെപ്പോലെ നിലകൊണ്ടു. ഒന്നും സംസാരിക്കുവാൻ ശക്തനല്ലാതെ അങ്ങിനെയിരിക്കുന്നതു കണ്ട്, ആ സ്ത്രീ രാജാവിൻെറ മുൻപിൻ ഉടമ്പടി വെച്ചുകൊടുത്തു.

"സമയം അതിക്രമിക്കുന്നു. കുറെ ദിവസമായി അങ്ങേക്കുറക്കമില്ല. പ്രായാധിക്യം കൊണ്ടുള്ള ക്ഷീണം ഇതുകൊണ്ടു പത്തിരട്ടിയായിട്ടുണ്ട്. ഇതു ഒപ്പിട്ടു ഇവരെ ഏല്പിച്ചാൽ ഇനി സൈ്വരമായുറങ്ങാം" എന്നു പറഞ്ഞു രാജാവിൻെറ ഒരു വശത്തിരുന്ന് ആ മോഹിനി ചഞ്ചലഹൃദയൻെറ കൈപിടിച്ചു. രാജാവു ഒപ്പിടുവാനും ഒരുങ്ങി. ഇത്രയുമായപ്പോഴേക്കു ഇംഗ്ലീഷുകാരൻ ആശ്ചര്യപാരവശ്യത്തിൽനിന്നുണർന്ന്. "ഒപ്പിടുന്നതിന്നു മുൻപായി അവിടുന്നു ഒന്നുകൂടി ആലോചിക്കണമെന്നു എനിക്കപേക്ഷയുണ്ട്. അങ്ങയുടെ മരണവാറണ്ടാണ് അങ്ങു ഒപ്പിടുന്നതെന്നോമ്മ വേണം" എന്നറിയിച്ചു, രാജാവിനെ തടയാനെന്ന ഭാവത്തിൽ മുന്നോട്ടേക്കു നീങ്ങി, സ്ത്രീയുടെ നേരെ തിരിഞ്ഞു, "ലോകവഞ്ചനത്തിന്നൊരുങ്ങിയ നിങ്ങളെപ്പോലെയുള്ള മോഹിനികൾ സ്ത്രീവർഗ്ഗത്തിന്നു തന്നെ ഒരു തീരാക്കളങ്കമാണെന്നു നിങ്ങളറിയുന്നുണ്ടോ? അതുകൊണ്ടു സ്ത്രീകളോടു കാണിക്കുന്ന ആചാരമര്യാദകൾ ഞാൻ ഇനി വകവെക്കുന്നില്ല" എന്നു അതിഗൌരവസ്വരത്തിൽ ഉച്ചരിച്ചു, തൻെറ കുപ്പായക്കീശയിൽ കയ്യിട്ടു. അതുകണ്ടയുടനെ ആ മായാമോഹിനി ഒരു കൈത്തോക്കു കാണിച്ചു രാജാവിനെ ഒപ്പിടുവാൻ ശാസിക്കുകയും, ഇംഗ്ലീഷുകാരനെ തുറിച്ചുനോക്കുകയും ചെയ്തു. പട്ടാള ഉദ്യോഗസ്ഥന്മാർ അപ്പോഴേക്കു ഇംഗ്ലീഷുകാരൻെറ ഇരുഭാഗത്തും ചേർന്നുനിന്നു. രാജാവു ഉടമ്പടിയിൽ തുല്യം ചാർത്തി. ഉടനെ ഒരു വെടിപൊട്ടി രാജാവു മോഹാലസ്യപ്പെട്ടു ഒരു ഭാഗത്തേക്കു വീണു. സ്ത്രീയും സൈനികപ്രമാണികളും പെട്ടെന്നു മറഞ്ഞു. ഇംഗ്ലീഷുകാരനും ആ രംഗം വിട്ടു പുറത്തേക്കു ചാടി.

(തുടരും)

# ഒരു വീരബാലൻ

ഡാക്ടർ ചേലനാട്ട് അച്യുതമേനോൻ, പിഎച്ച്. ഡി. (ലണ്ടൻ)

## രംഗം I

[ഒരു വഴി. കുട്ടിരാമപ്പണിക്കരും കിട്ടുണ്ണി പണിക്കരും പ്രവേശിക്കുന്നു.]

കുട്ടിരാമ പണിക്കർ : എടൊ കിട്ടുണ്ണി! മാമാങ്കത്തിന്നുള്ള ഒരുക്കങ്ങളൊക്കെ ശരിയായോ? ഇനി ഒരു മാസമല്ലെയുള്ളൂ പുറപ്പെടാൻ?

കിട്ടുണ്ണി പണിക്കർ : എന്താ ഇതിന്ന് ഇത്രയൊക്കെ ഒരുക്കാനുള്ളത്. പോകുന്ന പൂച്ചക്കു പൊന്നണിയണോ?

കുട്ടിരാമ : തനിക്കു ഇതൊരു നിസ്സാരകാര്യമാണെന്നു തോന്നുന്നു. ആയുധങ്ങൾ കടയിച്ചു നേരെയാക്കുക, ദിവസവും പയററുക, ഇതൊക്കെ നടക്കുന്നുണ്ടോ?

കിട്ടുണ്ണി : അതിനൊക്കെ ഇനിയും സമയമുണ്ടല്ലോ.

കുട്ടിരാമ : അങ്ങിനെ വിചാരിച്ചു ഇരിക്കണ്ട. നമുക്കു കൊല്ലൻ ഒന്നേയുള്ളൂ. നൂറാളുടെ ആയുധങ്ങളും അവൻ വേണ്ടേ കടയാൻ, അവനവന്റെ തടിയുടെ കാര്യം നാലു ദിവസം കൊണ്ടു നേരെയാക്കാവുന്ന ഒന്നല്ല. കുട്ടിക്കാലത്തു പയററി ചവുട്ടുറച്ചോനേ പിന്നീടു നികന്നു വരികയുള്ളൂ.

കിട്ടുണ്ണി : കാരണവന്മാരുടെ മനസ്സുകൊണ്ടു ചവുട്ടൊക്കെ ഒരു വിധം ഉറച്ചിട്ടുണ്ട്. ആയുധവും ഒരുവിധമൊക്കെ ശരിയായിട്ടുണ്ട്. നാലു കുന്തം, നാലു ചുരിക, നന്നാലു മുച്ചാണും പന്തിരാണും, ഇത്രയും കരുതീട്ടുണ്ട്.

കുട്ടിരാമ : ഒരു നല്ല അരവാളും ഇരിക്കട്ടെ. ഒരു സമയം ചുരികയൊ, കുന്തമൊ മുറിഞ്ഞാൽ പകരം പ്രയോഗിക്കാനൊന്നു വേണ്ടേ?

കിട്ടുണ്ണി : അതു നോക്കുകയുണ്ടായില്ലല്ലൊ. ആയുധപ്പുര ഇന്നുതന്നെ തുറന്ന് ഒന്നുകൂടി നോക്കിക്കളയാം. എടൊ! ഞാൻ തന്നോടു കുറെ ദിവസമായി ചോദിക്കണമെന്നു വിചാരിക്കുന്നു. ഈ "ചാവേർ" പോകുവാനുള്ള കാരണമെന്താണെന്ന് അറിയോ? സാമൂതിരിയുടെ ആൾക്കാരെ വെട്ടണം, കൊല്ലണം എന്നല്ലാണ്ടെ എനിക്കൊന്നും അറിഞ്ഞുകൂടാ.

കുട്ടിരാമ : ഞാൻ കേട്ടതു പറയാം. നമ്മുടെ വള്ളുവക്കോനാതിരിയായിരുന്നു പണ്ടു മാമാങ്കത്തിന്ന് നിലപാടു നിന്നിരുന്നത്. ഒരു മാമാങ്കത്തിന്നു അദ്ദേഹം തറയിൽ കയറാൻ തുടങ്ങിയപ്പോൾ "ആക്ഷേപമുണ്ടു" എന്നു പറഞ്ഞു, സാമൂതിരി യുദ്ധത്തിന്നൊരുങ്ങി. നമ്മുടെ ഭാഗത്തു ആൾ കുറവായിരുന്നതിനാൽ, അക്കുറി സാമൂതിരി ജയിച്ച് നിലപാടുനിന്നു. അതിന്നുശേഷം മാമാങ്കത്തിന്ന് ഇവിടെനിന്നു നൂറു ചാവേർ പോയി സാമൂതിരിയെ എതിക്കണമെന്നു നമ്മുടെ തമ്പുരാൻ നിശ്ചയിച്ചതാണത്രെ!

കിട്ടുണ്ണി : അങ്ങിനെയാണെങ്കിൽ ഒരു നല്ല സന്നാഹം കൂട്ടി, ഒരു കുറി പരീക്ഷിക്കയല്ലെ വേണ്ടത്. നൂറു പേർ ഇങ്ങിനെ ചത്തിട്ടു വല്ല പ്രയോജനവുമുണ്ടോ?

കുട്ടിരാമ : എന്താ തനിക്കു ചാവാൻ മടിയുണ്ടോ?

കിട്ടുണ്ണി : ഏയ്. അതുകൊണ്ടാന്നുമല്ല, എന്തോ ഏതോ എന്നറിയാതെ ആളുകൾ പോയി ചാവുന്നതിന്നു അർത്ഥമില്ലെന്നു തോന്നി. ആട്ടെ, ചന്ത്രോത്തെ കാര്യം എങ്ങിനെയായി? തന്റെ ബന്ധുക്കളല്ലേ?

കുട്ടിരാമ : അവിടത്തെ ചന്തുണ്ണിക്കു പതിനാറു തികഞ്ഞിട്ടില്ല. ചെക്കന്റെ പുളപ്പു സാമാന്യമല്ലതാനും.

കിട്ടുണ്ണി : എന്താ അവൻ പുറപ്പെടുന്നുണ്ടോ.

കുട്ടിരാമ : ഒന്നും അറിയില്ല. കല്യാണിയമ്മ കുണ്ഠിതപ്പെട്ടിരിക്കുന്നുണ്ട്. കുട്ടിയെ അയച്ചിട്ടെന്താ പ്രയോജനം എന്നൊക്കെ അവർ പറകയുണ്ടായി.

കിട്ടുണ്ണി : എന്നാൽ ഒരു കാര്യമുണ്ട്. ആ കുട്ടി വിളികൊള്ളുന്ന കൂട്ടത്തിലാണ്. ഇന്നാളു മററു കുട്ടികളുമായി പുതുമന വീടിന്റരികെയുള്ള ഇടവഴിയിൽക്കൂടി പോകയായിരുന്നു. അതിന്മേലത്തെ തേങ്ങ കണ്ടു കുട്ടികൾക്കു കൊതിയായി. ഇവൻ കയ്യിലുണ്ടായിരുന്ന ഏതൊ ഒന്നെടുത്തു ഒന്നെറിയുന്നതു കണ്ടു. തെങ്ങു നട്ടുവൊടിഞ്ഞു ഇടവഴിയിലേക്കു തൂങ്ങി. കുട്ടികൾ തേങ്ങ വലിച്ചു ഓടുകയും ചെയ്തു. ഞാൻ അതും കണ്ടുചെന്നു അവന്റെ മുതുകത്തു ഒന്നു തലോടി. "എടോ, താൻ മിടുക്കനാണ്. പക്ഷെ പുതുമനക്കാരുടെ തൊടിയാണെന്നോർത്തോ? നമ്മുടെ മന്ത്രിയുടെ വീടാണത്." അനർത്ഥങ്ങളുണ്ടാക്കേണ്ടാ "എന്നു പറഞ്ഞപ്പോൾ, "എന്നാൽ അവിടെ പോയി പറഞ്ഞേക്കാം"—എന്നും പറഞ്ഞു ഒരോട്ടം—കണ്ടാലൊ ഒരു സൌന്ദര്യക്കുടം. ഉശിർ അതിലേറെ. ആയുസ്സുണ്ടായിരിക്കട്ടെ!

കുട്ടിരാമ : ആഹാ! അവൻ ഇപ്പോൾ തന്നെ ഇത്ര വിക്രമനായോ?. കല്യാണിയമ്മയെ ഇന്നു തന്നെ ഒന്നു കണ്ടു ചോദിക്കാം. ഇന്നു നോക്കൊന്ന് കളിച്ചു പയററണം.

കിട്ടുണ്ണി : അങ്ങിനെയാകട്ടെ.

(പിരിയുന്നു)

തിരശ്ശീല.

## രംഗം II

[ചന്ത്രോത്തു വീട്. കല്യാണിയമ്മ ചിന്താമഗ്നയായിരിക്കുമ്പോൾ ചന്തുണ്ണി (16 വയസ്സ്) പ്രവേശിക്കുന്നു.]

ചന്തുണ്ണി : എന്താ, അമ്മ ഇങ്ങിനെ ഒരുണർവില്ലാതിരിക്കുന്നത്? കുറച്ച് ദിവസമായി അമ്മയെ ഞാനിങ്ങിനെ പലപ്പോഴും കാണാറുണ്ട്. എന്താ ഇതിന്ന് കാരണം.

കല്യാണി : മകനെ! എന്റെ വിചാരത്തിന്ന് കാരണമൊക്കെയുണ്ട്. എന്റെ കുട്ടിയോടു അതു പറഞ്ഞിട്ടു കാര്യമൊന്നുമില്ലല്ലൊ എന്നുള്ള ആധിയാണിനിക്ക്.

ചന്തുണ്ണി : ഉം, അതെന്താ എന്നോടു പറഞ്ഞിട്ട് കാര്യമൊന്നുമില്ലെന്നു അമ്മ പറയുന്നത്.

കല്യാണി : നീ കുറെ വലുതായിട്ടു സാധിക്കേണ്ട കാര്യമാണത്. പെട്ടെന്നു വലുതാവാൻ സാധിക്കയില്ലല്ലൊ.

ചന്തുണ്ണി : എന്റെ പ്രായത്തിൽ സാധിക്കുവാൻ വയ്യാത്ത കാര്യമാണെന്ന് അമ്മ എങ്ങിനെ നിശ്ചയിച്ചു?

കല്യാണി : ഇനി കാര്യം പറയാം. മറച്ചുവെച്ചുകൊണ്ടും പ്രയോജനമൊന്നുമില്ലല്ലൊ. ഇക്കുറിയത്തെ മാമാങ്കത്തിന്ന് ഇവിടുന്നു ചാവേർ പോകേണ്ടതുണ്ട്. അതിന്ന് കുട്ടിയായ നീ മാത്രമല്ലെ ഇവിടെ കൊട്ടാനും പാടാനുമായിട്ടുള്ളൂ.

ചന്തുണ്ണി : അമ്മെ, ഞാനും മാമാങ്കം എന്നും ചാവേർ എന്നും ഒക്കെ പറയുന്നതു കേട്ടു. എനിക്കൊന്നും മനസ്സിലായില്ല.

കല്യാണി : മുമ്പൊരു മാമാങ്കത്തിന്നു നമ്മുടെ തമ്പുരാനെ സാമൂതിരി തോല്പിക്കയുണ്ടായി. അതിന്നു ശേഷം, ഇവിടെനിന്നു നൂറു പേർ പോയി, സാമൂതിരിയെ എതിർത്തു മരിക്കയെന്നൊരേർപ്പാടു തുടങ്ങിയിരിക്കയാണ്. സാമൂതിരി സ്വൈരമായി മാമാങ്കം നടത്തരുതെന്നാണ് അതിന്റെ ആന്തരം. അദ്ദേഹത്തിനെ ജയിക്കാനുള്ള കോപ്പ് ഇവിടെ ഇല്ലാത്തതുകൊണ്ടാണ് ഇങ്ങിനെ തുടങ്ങിയത്. ഊഴമിട്ട് ഓരോ വീട്ടിൽനിന്നും ആളുകൾ പോകണം. അതിലൊന്നാണ് നമ്മുടേത്. പോകാനാളില്ലെന്നുള്ളതു നമുക്കു പോരായ്മയല്ലെ?

ചന്തുണ്ണി : ഞാൻ പോയാൽ പോരെ അമ്മേ?

കല്യാണി : പോരിന്നു ഒരാളു പോയതു കൊണ്ടായോ? സാമൂതിരിയുടെ ആൾക്കാരോടു പടവെട്ടുവാൻ ത്രാണിയുള്ളവരു വേണ്ടേ പോകാൻ? ചോട്ടുറയ്ക്കാത്ത നീ പോയി, ഒരു കുത്തും കൊണ്ടു കഥയവസാനിച്ചാൽ, അതു തന്നെ ഒരവമാനമായില്ലേ. ചന്ത്രോത്തെ ചെറുപ്പക്കാരൻ ഒരു നൂറാളോടെങ്കിലും പൊരുതിനിന്ന്, മാമാങ്കം രണ്ടു ദിവസത്തേക്കു മുടക്കിയെന്നു കേട്ടാൽ, അമ്മക്കെത്ര സന്തോഷമുണ്ട്; തറവാട്ടിന്നു എന്തൊരു മാനമാണ്!

ചന്തുണ്ണി : എന്നാൽ അമ്മേ! ഞാൻ തന്നെ ഒന്നു പോയി നോക്കട്ടെ. എനിക്കു ചില അടവുകളൊക്കെ ഉറച്ചിട്ടുണ്ട്. എന്റെ കൂട്ടുകാരെ പടിപ്പിക്കുവാൻ ഞാൻ മതിയെന്ന് ആശാനും ഇന്നാൾ പറകയുണ്ടായി. ഞാൻ മററുള്ളവരേക്കാൾ ഒട്ടും കുറയാത്ത വിധത്തിൽ അവിടെ ചെന്ന് പ്രവർത്തിച്ചുപോന്നുകൊള്ളാം.

കല്യാണി : എന്റെ കുട്ടിക്കു അങ്ങിനെ തോന്നിയതു വളരെ നന്നായി. ഇനി അമ്മയെ മൌഢ്യത്തോടുകൂടി കാണുകയില്ല. നീ ഉടനെ പുതുമനയിൽ പോയി വിവരം അറിയിക്കണം. അവിടെനിന്നു ഇന്നലെയും കൂടി ആള് വന്നിരുന്നു, ബന്ധുക്കളാരെങ്കിലും പോകാനൊരുക്കമുണ്ടോന്ന് അറിയാനായി.

ചന്തുണ്ണി : അതേതായാലും വേണ്ടാ. ഞാൻ പുതുമന പോയി വേഗം വരാം. (പ്രസരിപ്പോടെ പോകുന്നു.)

കല്യാണി : ആവൂ! ചന്തുവിന്റെ ധൈര്യം തറവാടിന്റെ മാനം രക്ഷിച്ചു. കുട്ടിയായതുകൊണ്ട് പോകരുതെന്നു തമ്പുരാൻ കല്പിക്കാതിരുന്നാൽ മതിയായിരുന്നു. ഇങ്ങിനെയൊരു കുട്ടി 'ചാവേർ' പോകുന്നത് ഇതാദ്യമാണ്. എന്റെ തിരുമാന്ധാംകുന്നിലമ്മേ! അവൻ ഒരു പേരെടുക്കണേ (അകത്തേക്കു പോകുന്നു.)

# ബ്രിട്ടന്റെ ഓമന രാജകുമാരി

(ഹെക്റ്റർ ബോളിതൊ)



രാജകുമാരിമാർ കൊട്ടാരത്തിൽ എഴുന്നള്ളിയിരിക്കുന്നതു്.

ടെന്നിസൺ വൃദ്ധനായിരുന്നപ്പോൾ, ഒരു ദിവസം വിക്ടോറിയാ മഹാരാജ്ഞിയോടുകൂടെ ചായ കഴിക്കാൻ പോയി. മടങ്ങിപ്പോകുമ്പോൾ ആ വൃദ്ധകവി "ആ ഉത്തുംഗസ്ഥാനത്തു അങ്ങ് എത്രയും ഏകാകിനിയാണ്" എന്നു മഹാറാണിയോടു പറഞ്ഞു. കിരീടാവകാശികളെ "ആ ഉന്നതസ്ഥാന"ത്തെത്തിക്കുന്ന വിദ്യാഭ്യാസം ചരിത്രത്തിലെ ഏററവും വിഷമ പ്രശ്നങ്ങളിലൊന്നാണ്; രാജാക്കന്മാരുടേയും അവരുടെ സന്താനങ്ങളുടേയും കുടുംബജീവിതത്തെ അസുഖപ്രദമാക്കിയിട്ടുള്ള ഒരു സംഗതിയാണ്.

എലിസബെത്തു രാജകുമാരിയെ വളർത്തിക്കൊണ്ടുവന്നതു്, തങ്ങൾ സിംഹാസനാരോഹണം ചെയ്യുമെന്നു സ്വപ്നേപി കരുതിയിട്ടില്ലായിരുന്ന മാതാപിതാക്കളായിരുന്നതിനാലാണ് ഈ വക പൂർവ്വീക സംഗതികളെ നാം കൂട്ടാക്കേണ്ടതില്ലാത്തതു്. സ്വപുത്രി, ലോറൻ പ്രഭു (Marquess of Lorne)—പിന്നീടു കാനഡയിലെ ഗവർണ്ണർ—വിനെ വിവാഹം ചെയ്യുമ്പോൾ വിക്ടോറിയാ മഹാറാണി നിശ്ചയിച്ചതായ ഗൃഹ്യന്യായമനുസരിച്ചാണ് എലിസബെത്തു രാജകുമാരിയുടെ മാതാപിതാക്കളുടെ വിവാഹം നടന്നതു്. ഐറോപ്യരാജകുടുംബവുമായുള്ള വിവാഹത്തിനു വളരെ കുറച്ചു പ്രാധാന്യമെ താൻ നൽകുന്നുള്ളു എന്നു റാണി പറയുന്നു. മററുള്ളവക്കെന്നപോലെതന്നെ ഗൃഹസൌഖ്യം രാജകുടുംബാംഗങ്ങൾക്കും അത്യാവശ്യമാണെന്നു് സ്വാനുഭവം കൊണ്ടുതന്നെ മഹാറാണി അറിഞ്ഞിരുന്നു.

തന്റെ മാതാപിതാക്കൾ വിവാഹകാലത്തു ഒരു സാധാരണ ഗൃഹത്തിലാണ് താമസിച്ചിരുന്നതു്. തങ്ങളുടെ ജീവിതം ലണ്ടനിലെ ആർഭാടത്തിൽനിന്നു ഒഴിവാക്കാൻ അവർക്കു സാധിക്കുകയും ചെയ്തു. "ഞാൻ കൊട്ടാരമനസ്ഥിതിയുള്ളവനല്ല" എന്നു രാജാവു ഒരിക്കൽ പറഞ്ഞിട്ടുണ്ട്; ഈ സംഗതി എലിസബെത്തു രാജകുമാരിയുടെ ശൈശവത്തെ ശരിയായി രൂപീകരിച്ചിട്ടുണ്ട്. പിക്കാഡിലിയിലെ തന്റെ വീടു വിട്ടു, ആഡംബരസമ്പൂർണ്ണമായ ബക്കിങ്ഹാം കൊട്ടാരത്തിൽ വന്നു താമസിക്കേണ്ടിവന്നപ്പോൾ, "രാത്രിയിൽ ഉറങ്ങാൻ തന്റെ ഗൃഹത്തിലേക്കു പോകത്തക്കവണ്ണം കൊട്ടാരത്തിൽനിന്നു് അങ്ങോട്ടേക്കു ഒരു ഭൂഗർഭപാത ഉണ്ടാക്കുവാൻ സാധിക്കുമൊ" എന്നു ചോദിച്ചതു്, ഈ രാജകുമാരിയുടെ മനസ്സിന്റെ ലഘുത്വത്തേയും, ആർഭാടരാഹിത്യത്തേയും രസകരമായി സൂചിപ്പിക്കുന്നു.

## മാതൃപാദങ്ങളിൽവെച്ചുള്ള ശിക്ഷണം

ശൈശവകാലങ്ങളിൽ രാജകുമാരിയെ ജനങ്ങൾ അപൂർവ്വമായേ അറിഞ്ഞിരുന്നുള്ളു. പിന്നീടു വിൻഡ്സറിൽ തന്റെ പിതാമഹരുടെ കൂടെ ഞായറാഴ്ചകൾ കഴിച്ചുകൂട്ടിയിരുന്ന വേനല്ക്കാലം വന്നു. പട്ടണവാസികൾ ബാൻഡു കേൾക്കുന്നതിന്നായി കോട്ടയുടെ മുൻവശത്തുള്ള മേട (Terrace) യിൽ നടക്കുക പതിവായിരുന്നു. ചിലപ്പോൾ ഞാനും അവരുടെ കൂടെ ചേരാറുണ്ടായിരുന്നു. എലിസബെത്തു മഹാറാണി പണ്ടു് മാനിനെ വെടിവെച്ചതായും, ഷേക്സ്പിയരുടെ ഫാൾസ്റ്റാഫ് തന്റെ അപകീർത്തികരമായ യാത്ര നടത്തിയതായും പ്രസ്താവിക്കപ്പെടുന്ന ഉപവനത്തിലേക്കു നോക്കിക്കൊണ്ടു്, കിഴക്കെ മേടയിൽ ഞാൻ നില്ക്കാറുണ്ടു്. ഒരു ഞായറാഴ്ച ഉച്ചക്കുശേഷം, മേരി മഹാറാണി ഞങ്ങൾക്കു കാണാനായി ഒരു ചെറിയ പെൺകുട്ടിയെ പൊക്കിപ്പിടിച്ചുകൊണ്ടു് ജനാലയുടെ സമീപത്തു പ്രത്യക്ഷപ്പെട്ടു. തിരുമനസ്സുകൊണ്ടു്, വാതായനക്കണ്ണാടിയിൽ കൂടി കൈയാട്ടി കാണിച്ചു.

പക്ഷെ, ഇങ്ങിനെ വെളിക്കുവരിക വളരെ അപൂർവ്വമായിരുന്നു. പത്രലേഖകന്മാർ ചിത്രമെടുക്കാൻ വരുമ്പോൾ രാജകുമാരി അതൃപ്തിസൂചകമായി മുഖം കാണിച്ചിരുന്നു. തന്നെ വളർത്തിക്കൊണ്ടുവന്ന രീതിക്കു അനുരൂപമായിണങ്ങിയതു ഈ നാണം ഒന്നുമാത്രമായിരുന്നു. കുറച്ചുകൂടി പ്രായമായപ്പോഴേക്കു തന്റെ മാതാപിതാക്കന്മാർക്കു വിൻഡ്സർ പാർക്കിലെ രാജകീയ വസതി, ഗ്രാമീണ വാസത്തിന്നായി നൽകപ്പെട്ടു.

ഇംഗ്ലണ്ടിന്റെ ചരിത്രത്തിന്റെ വലിയ ഒരു ഭാഗം നടന്നിരിക്കുന്ന ഇവിടെ വെച്ചാണു്, എലിസബെത്തു രാജകുമാരി ആ ചരിത്രം ആദ്യം പഠിച്ചതു്. പക്ഷെ, ഇതു മാതാവിന്റെ പാദങ്ങളിൽ വെച്ചാണ് പഠിക്കാനാരംഭിച്ചതു്. എഴുതാനും വായിക്കാനും ഉള്ള പാഠങ്ങൾ ലഘുവായും പരിപൂർണ്ണമായും കഴിഞ്ഞുകൂടി. അവിടെ ആഴ്ചതോറും ഒരു നൃത്തക്ലാസ്സും (Dance) ഉണ്ടായിരുന്നു. ഇവിടെ വെച്ചാണ് രാജകുമാരിയുടെ മെയ്‌വഴക്കവും, സൌകുമാര്യവും വെളിവായതു്. വിൻഡ്സർ മുററത്തുവെച്ചു അംഗരക്ഷക സൈന്യത്തിനെ ആദ്യമായി പരിശോധിച്ചുകൊണ്ടിരിക്കുമ്പോൾ, കാണികൾക്കെല്ലാവർക്കും ആശ്ചര്യമുളവാക്കിയതായ ആ നൃത്തവൈദഗ്ദ്ധ്യവും, സൌകുമാര്യവും ഇന്നും രാജകുമാരിക്കു സ്വാധീനമാണു്.

കുമാരിയുടെ സ്വഭാവത്തിലെ പ്രധാന വൈശിഷ്ട്യം പ്രത്യക്ഷമായിത്തുടങ്ങിയതു് യുദ്ധാരംഭത്തിനു ശേഷമാണ്. തന്നെക്കാൾ ഇളയവരായ കുട്ടികളുമായി ചീട്ടു കളിച്ചുകൊണ്ടിരിക്കുമ്പോൾ, അവരെ സഹായിച്ചിരുന്നതു, തന്റെ മാതാപിതാക്കൾ സൂക്ഷിച്ചിരുന്നു. ഇന്നു തന്റെ സ്വഭാവത്തിൽ തെളിഞ്ഞുവിളങ്ങുന്ന സ്വാർത്ഥരാഹിത്യം ഇങ്ങിനെയാണു് ആദ്യം അവിഷ്കൃതമായതു്.

മാതാപിതാക്കൾ കൂടെയില്ലാതെ, ഏതാണ്ടും പ്രായംചെന്നവരുമായി ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്ന ഒരവസരത്തിൽ, താൻ, ഒരു പഴയമിത്രത്തിന്റെയും, ലജ്ജയോടുകൂടി, നിശ്ശബ്ദമായിരുന്ന ഒരു സന്ദർശകന്റെയും ഇടക്കായിരുന്നു ഇരുന്നതു്. ലജ്ജിതനായിരുന്ന മൌനിയുടെ സൌകര്യത്തിന്നായി വേണ്ടതെല്ലാം ചെയ്തുകൊടുക്കുന്നതിൽ ബദ്ധശ്രദ്ധയായിരുന്ന രാജകുമാരി, പിന്നീടു് മിത്രത്തോടു പറയുകയാണ്, "അയാൾ മൌനിയുമായിരുന്നുകൊണ്ടു അയാൾക്കുവേണ്ടതെല്ലാം ചെയ്വാൻ എന്റെ സമയം വിനിയോഗിക്കേണമെന്നു ഞാൻ വിചാരിച്ചു, നിങ്ങൾക്കു പരിഭവമില്ലല്ലൊ" എന്നു്.

## കുമാരിയുടെ ഇന്നത്തെ സ്ഥിതി

ഈ കഥ, രാജകുമാരിയുടെ ഇന്നത്തെ സ്ഥിതിയെന്തെന്നു അറിയാനൊരാഗ്രഹമുണ്ടാക്കുന്നു. തെംസ് നദീതീരത്തു ആകാശചുംബികളായ സ്തൂപ (ഗോപുര)ങ്ങളോടു കൂടിയ ഒരു കോട്ടയെ, തണുപ്പുകാലത്തെ ഒരു അപരാഹ്നത്തിൽ, സങ്കല്പിക്കുക. മണിമാളികയിലുള്ള മണി—ഇരുനൂറു കൊല്ലങ്ങൾക്കു മുമ്പു സ്റ്റോക്കു് പോജസ്സ് (Stoke Poges) ദേവാലയ മുററത്തു്, ഗ്രേ തന്റെ വിലാപം എഴുതിക്കൊണ്ടിരിക്കുമ്പോൾ അടിച്ച ആ മണിതന്നെ—മൂന്നടിക്കുന്നു.

കുതിരലായത്തിൽനിന്നു രണ്ടു കുതിരകളെ തെളിച്ചുകൊണ്ടു ഒരാൾ വരുന്നു. കോട്ടവാതില്ക്കൽ നിന്നു് രണ്ടുപേർ, ശൈശവത്തിന്റെ ചുറുചുറുക്കുള്ള ചലനങ്ങളോടുകൂടിയ ഒരാളും, പൊക്കം കുറച്ചുകൂടിയുള്ളതും, മെലിഞ്ഞു ബാലികായോഗ്യവുമായ ശങ്കാസൌകുമാര്യത്തോടുകൂടി നടക്കുന്ന മറെറാരാളും, വെളിക്കുവരുന്നു. ആ ബാലികയുടെ ലജ്ജ മാറിക്കഴിഞ്ഞിരിക്കുന്നു. നിങ്ങളെ കാണുമ്പോൾ, കൈനീട്ടി, മന്ദഹസിച്ചു സ്വാഗതം ചെയ്യുന്നു. തന്റെ മാതാവിനേപ്പററി, താൻ എഴുതിയിട്ടുള്ള ചിത്രങ്ങളിൽവെച്ചു്, "ഭാവപ്രകടനമില്ലാതെ ഇരിക്കുന്ന ആൾ" എന്നു സാർജന്റിന്നു പറയാനിടയാക്കിയ ആ ഗുണം, മാതാവിൽനിന്നു തനിക്കു ജന്മനാ സിദ്ധിച്ചിട്ടുണ്ടു്.

കുതിരയെ കൊണ്ടുവന്ന ആൾ കാത്തു നില്ക്കുന്നു. മാർഗററ് രാജകുമാരി കുതിരപ്പുറത്തു കേറുന്നതുവരെ കാത്തുനിന്നശേഷം, എലിസബെത്തു രാജകുമാരിയും കുതിരപ്പുറത്തു കേറുന്നു. കുമാരിയുടെ മുടിക്കു മുൻപുണ്ടായിരുന്ന അഴകിപ്പോഴില്ല; എങ്കിലും, സ്വർണ്ണനിറവും, ചുരുൾമയും ഇന്നുമുണ്ടു്. കണ്ണുകൾ വിശാലവും, നീലിമയും ചാരനിറവും കലർന്നതും, ഗ്രഹണ സമർത്ഥങ്ങളുമാണു്. രാജകുടുംബാംഗങ്ങളുടെ ആശ്ചര്യകരമായ നിറവും ഈ കുമാരിക്കുണ്ടു്.

ഇളയ സഹോദരിയുടെ മേൽ വളരെ മുമ്പു തന്നെ കാണിച്ചിരുന്ന ആ മാതൃനിർവ്വിശേഷമായ ശ്രദ്ധയോടുകൂടി, താൻ മാർഗററു രാജ



ചക്രവർത്തി തിരുമനസ്സുകൊണ്ടു്



ചക്രവർത്തിനി തിരുമനസ്സുകൊണ്ടു്

കുമാരിയെ വീക്ഷിച്ചുകൊണ്ടിരിക്കുന്നതു നാം കാണുന്നു. 900 വർഷങ്ങൾക്കു മുൻപുള്ള രാജാക്കന്മാർ ഉലാത്തിയിരുന്ന ആ ഉപവനത്തിലേക്കു അതിന്നുശേഷം അവർ കുതിരയെ ഓടിച്ചുകൊണ്ടുപോയി. ഭാവിയിൽ തനിക്കു ലഭിച്ചേക്കാവുന്ന സ്ഥാനത്തെപ്പററി അനാവശ്യമായി ഉൽക്കണ്ഠപ്പെടുവാൻ അനുവദിക്കാത്തമാതിരിയുള്ള ഒരു വിദ്യാഭ്യാസവും പരിശീലനവുമാണു് രാജകുമാരിക്കു നൽകിയിരുന്നതു്.

എന്നാൽ, തന്റെ പിതാവു രാജാവായതു മുതൽ രാജയോഗ്യമായ—ഭരണപരമായ—പരിശീലനംഎത്രയുംശ്രദ്ധാപൂർവ്വം, കുമാരിക്കു നൽകിവന്നു. തന്റെ പെരുമാററത്തിലൊ, വർത്തമാനത്തിലൊ, അതിന്റെ ലാഞ്ഛനപോലും കണ്ടിരുന്നില്ല. ഇതിന്നു ഒരു കാരണം, രാജാവും റാണിയും കൊട്ടാരത്തിൽ കരുതിയിരുന്ന പരിതഃസ്ഥിതിയാണു്.

അവരുടെ ഒരു പ്രധാന നേട്ടം, എലിസബേത്തു് രാജകുമാരിയുടെ വളർന്നു വരുന്ന മനസ്സിന്നു ശരിയായ പ്രേരണ ഉണ്ടാകത്തക്ക നല്ല ഒരു പരിതഃസ്ഥിതി സൃഷ്ടിക്കുക, എന്നതാണു്.

വിശിഷ്ട നയം, ബുദ്ധി, ഫലിതം ഇവയെല്ലാം പ്രകൃത്യാലുള്ള സ്ത്രീപുരുഷന്മാരുള്ള ഒരു കൊട്ടാരത്തിലാണു് കുമാരി വളരുന്നതു്. പല രാജാക്കന്മാരുടെയും ജീവിതം തുലച്ചിട്ടുള്ള നുണ പറച്ചിലോ, അസൂയയോ ഒന്നും തന്നെ അവിടെയില്ല.

## ഒരു പാവക്കൂത്തു്—(മൂകാഭിനയം)

ഞങ്ങളുടെ ഗ്രാമവസതിയിലെ ക്രിസ്തുമസ്സാഘോഷ വേളയിൽ, എലിസബേത്തു രാജകുമാരി "അലാഡിൻ" എന്ന കഥ അഭിനയിക്കുന്നതു കാണാൻ ഞാൻ പോയിരുന്നു. നടന്മാർ, അംഗരക്ഷകസൈന്യാധിപതിയാൽ നയിക്കപ്പെട്ടുവന്ന വിദ്യാലയത്തിലെ കുട്ടികളായിരുന്നു. സന്ദർശകരാകട്ടെ കൊട്ടാരത്തിലുള്ളവരും, അടുത്തുള്ള പട്ടണവാസികളും, സ്നേഹിതരും, ഭൃത്യന്മാരും, ഏതാനും പട്ടാളക്കാരുമായിരുന്നു. മുമ്പിൽ രാജാവും റാണിയും ഇരുന്നിരുന്നു. കുട്ടൻ പൊന്തിയതോടുകൂടി "പീക്കിങ്ങിലെ ഒരു തെരുവു" ഞങ്ങൾ കണ്ടു. വേഗം തന്നെ എലിസബേത്തു രാജകുമാരി ഇളയ കുമാരിയോടു കൂടി പ്രവേശിച്ചു. അവർ "അലാഡിനും" "റെക്സാനാ രാജകുമാരിയു"മായിരുന്നു. അവരുടെ "മാതാവു" വിധവ ട്വാൻകി ഒരു അക്രമിയായ വിദ്യാർത്ഥിയായിരുന്നു

വലിയ ഒരു മുറിയുടെ ഒരററത്തു പ്രദർശിപ്പിച്ചിരുന്ന, ഒരു വെറും കുട്ടികളുടെ പാവകളിയായിരുന്നു ഇതു്. രാജകുമാരികൾ രണ്ടുപേരും ടാപ്ഡാൻസ് (Tapdance) ആടുകയും, പാടുകയും ചെയ്തു. ട്വാൻകി എന്ന വിധവയുടെ കൂട്ടത്തിലായിരിക്കുമ്പോൾ അവർ വളരെ രസികരായിരുന്നു.

ഫലിതങ്ങൾ സാധാരണ പ്രചാരമുള്ളവയായിരുന്നു; നേരമ്പോക്കുകൾ പറഞ്ഞിരുന്നതു് സന്ദർശകരെപ്പററിയും. വളരെ രസകരവും, ലളിതവും മനോഹരവുമായ ഒരു കളിയായിരുന്നു അതു്. ഇതിൽനിന്നും, എലിസബെത്തു രാജകുമാരിയുടെ സ്വാർത്ഥരാഹിത്യം തെളിഞ്ഞു പ്രകാശിച്ചു താൻ തന്നിയെ വളരെ മനോഹരമായി ആടുകയും പാടുകയും ചെയ്തു. എന്നാൽ മററുള്ളവർ രംഗപ്രവേശം ചെയ്യുമ്പോൾ, താൻ മറഞ്ഞുനിന്നു അവരെ സഹായിക്കുകയായിരുന്നു.

## രാജത്വത്തിന്റെ സേവനം

ഈ കളി കണ്ടു കഴിഞ്ഞു, കുന്നിൻ ചരിവിൽകൂടി ഇറങ്ങിവരുമ്പോൾ രണ്ടു സംഗതികൾ എന്റെ മനസ്സിൽ നിന്നിരുന്നു. "സേവനം" എന്ന വാക്കിനെ ചുററിയാണു് ഒന്നാമത്തെ ചിന്ത പററി നിന്നിരുന്നതു്. "ലജ്ജയുണ്ടാക്കുന്ന വാക്കു്" എന്നാണു് അമേരിക്കക്കാർ ഇതിനെ വിളിക്കുന്നതു്. എങ്കിലും എലിസബേത്തു രാജകുമാരിയുടെ ജീവിത സത്തു് ഇതു തന്നെയാണു്.

രാജത്വം ഒരു പ്രത്യേക സേവനമാണു് അനുഷ്ഠിക്കുന്നതു്. ബക്കിങ്ങാം കൊട്ടാരം കടന്നു പോകുമ്പോൾ, അതിന്നുള്ളിൽ താമസിക്കുന്നതു സംതൃപ്തരായ ഒരു കുടുംബത്തിലെ അംഗങ്ങളാണെന്നു കരുതാൻ ബ്രിട്ടീഷുകാരാശിക്കുന്നു. ആ കുടുംബത്തിലെ ഒരംഗമാണു് എലിസബെത്തു രാജകുമാരി. സിംഹാസനാവകാശിനിയെന്ന നിലയിലാണു് വളർത്തിവരുന്നതെങ്കിലും, ഇനിയും ആ കുടുംബത്തിലെ ഒരംഗമെന്ന നിലയിൽ

(ശേഷം 10-ാം പേജിൽ)

# നമ്മുടെ ഗ്രാമീണവീരൻ

ഓറൽ (Orel) എന്ന സ്ഥലത്തിന്നടുത്തുള്ള വെസലോവ്ക (Veselovka) ഗ്രാമത്തിലെ അന്ദ്രേയി ഉംനിക്കോവ് (Andrei Umnikov) എന്ന യുവകൃഷീവലൻ ബാല്യകാലം മുതൽ തന്നെ ചെമ്പടയിൽ ചേരണമെന്നു അതിയായി ആഗ്രഹിച്ചിരുന്നു. 1937 ലാണ് സേവനത്തിനുള്ള ആ സന്തോഷ ദിവസം അയാൾക്കു സമാഗതമായതു്.

ബദ്ധശ്രദ്ധമായ പഠനം, ക്ലേശപൂർണ്ണമായ പരിശീലനം, നിശാകാലകവാത്തുകൾ, വ്യാജപ്പയററുകൾ ഇതിലെല്ലാം അയാൾക്കു വളരെ കൊല്ലത്തെ പരിചയമുണ്ടായിരുന്നു. അക്ഷമനായിട്ട്, അയാൾ യുദ്ധതന്ത്രത്തെ പരിപൂർണ്ണമായി സ്വാധീനമാക്കുവാൻ നിശ്ചയിച്ചു. ജനറൽ സുവറോ (Suvorov) വിന്റെ "കഠിനപഠനം ഏതു യുദ്ധവും സുസാദ്ധ്യമാക്കിത്തീർക്കും," എന്ന കല്പന അയാൾ അപ്പോഴെല്ലാം ഓർമ്മയിൽ വെച്ചുകൊണ്ടിരുന്നു.

യുദ്ധം ആരംഭിക്കുകയും ജൂൺ 28-ാംനു ലെഫ്ടനന്റു ആന്ദ്രേയി ഒരു വലിയ ടാങ്കു സൈന്യവിഭാഗത്തിന്റെ നേതാവായി സമരമുന്നണിയിലേക്കു പോകുകയും ചെയ്തു.

കഠിനവും ക്ലേശപൂർണ്ണവും ആയ ദിവസങ്ങൾ അദ്ദേഹത്തിനു അഭിമുഖീകരിക്കേണ്ടിവന്നു. ഈ യുവ ലെഫ്ററനന്റിന്നു ആദ്യം, അരോചകമായ പരാജയങ്ങളും, പിന്നീട്, ചെമ്പടയുടെ മാദകമായ ആനന്ദത്തെ നൽകുന്ന ഗംഭീര വിജയങ്ങളും, അനുഭവമായി.

സ്വദേശത്തെ അനവധി പട്ടണങ്ങളും ഗ്രാമങ്ങളും ഹിററ്ലറുടെ ആളുകൾ നശിപ്പിച്ചിരിക്കുന്നതും, ആളുകളുടെ ശവങ്ങൾ മരവിച്ചു കിടക്കുന്നതും, അഭയകിടങ്ങുകൾ (Refuge trenches) അപായമരണമടഞ്ഞ വൃദ്ധരുടെയും, സ്ത്രീകളുടെയും, കുട്ടികളുടെയും, ശവങ്ങളാൽ നിറഞ്ഞിരിക്കുന്നതും അയാൾ കണ്ടു. ഈ യുവറഷ്യന്റെ ഹൃദയത്തിൽ ഈ ദുഷ്ടനാസിഘാതകന്മാരെപ്പററി തീവ്രമായ വെറുപ്പും വിരോധവും ഉദിച്ചുവളർന്നു.

"അതു മുതൽ, കഴിവുള്ളത്ര കൂടുതൽ ജർമ്മൻകാരെ കൊല്ലുന്നതിന്നും, സ്വരാജ്യത്തെ ഈ ക്രൂരന്മാരുടെ ചവിട്ടടിയിൽനിന്നു രക്ഷിക്കുന്നതിന്നും മാത്രമാണ് ഞാൻ ജീവസന്ധാരണം ചെയ്തിരുന്നതു്" എന്നു ആന്ദ്രേയി പറയുന്നു.

1942-43 നും ഇടയ്ക്കുള്ള ഹേമന്തകാലത്തു ബോൾഖോവ് ജില്ല (Bolkhov district) യിൽ ഓറലിന്നു സമീപമുള്ള രാജ്യങ്ങളിലാണ് അയാൾ യുദ്ധം ചെയ്തിരുന്നതു്. ശത്രുക്കളുടെ രണ്ടു ടാങ്കുകളും, അഭയസ്ഥലങ്ങളും (Refuge rooms) കൂടാതെ, അനവധി നാസി ഉദ്യോഗസ്ഥന്മാരേയും, ഭടന്മാരേയും അയാൾ നശിപ്പിച്ചു. ഓർഡർ ഓഫ് ദി റെഡ് ബാനർ (Order of the Red Banner) എന്ന കീർത്തിമുദ്രയാൽ അയാൾ അലംകൃതനാകുകയും ചെയ്തു.

ഇങ്ങിനെ, ഓറൽ പ്രദേശങ്ങളിൽ നടത്തിയ സ്വരാജ്യ സ്വാതന്ത്ര്യത്തിന്നായുള്ള പരിശ്രമങ്ങൾക്കിടയിലാണ്, ശത്രുവിനെ സർവ്വാത്മനാ വെറുക്കുവാൻ ആന്ദ്രേയിക്കുവശമായതു്. ഈ തീവ്രമായ ശത്രുവിരോധം, അവരെ ആക്രമിക്കുന്നതിന്നു തന്നെ സഹായിച്ചു.

1943 ഫെബ്രുവരിയിൽ ഡോൺബാസിൽ (Donbas) ഭയങ്കര യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ നമ്മുടെ കഥാപുരുഷന്റെ സൈന്യവിഭാഗം ക്രമാതോർസ്കി (Kramatorsk) നടുത്തു യുദ്ധം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ശത്രുക്കളുടെ സൈന്യത്തിന്റെ പിന്നണിയെ, മൂന്നു ടാങ്കുകളോടുകൂടി വിളക്കുവാൻ, അയാൾക്കു കല്പന ലഭിച്ചു. ആ രാത്രിയുടെ അന്ധകാരത്തിനിടയിൽതന്നെ, ടാങ്കുഭടന്മാർ, ശത്രുനിരയിൽ മുപ്പത്തഞ്ചു കിലോമീററർ ദൂരം ഭേദിച്ചു കേറി.

സ്റ്റാലിനോപ്രദേശത്തെ ഒരു ഗ്രാമത്തിന്നടുത്തുള്ള പൊതു നിരത്തിൽ വെച്ചു, ഈ ടാങ്കു ഭടന്മാർ ശത്രുവിന്റെ ഒരു സൈന്യ വിഭാഗത്തെ അഭിമുഖമായി നേരിട്ടു. അയാൾ പറയുന്നു;

"ആലോചിച്ചു നില്ക്കുവാൻ സമയമില്ലായിരുന്നു. നിരത്തിൽനിന്ന് പിൻതിരിക എന്നതു ആലോചിക്കയേ വേണ്ട; കൂടാതെ നമ്മുടെ കൃത്യം നിർവ്വഹിച്ചു കഴിഞ്ഞിട്ടില്ലാത്തതിനാൽ പിൻതിരിയാൻ നിവൃത്തിയുമില്ലായിരുന്നു. അതുകൊണ്ടു, ശത്രുസൈന്യം ബലതരമായിരുന്നെങ്കിലും, യുദ്ധം ചെയ്വാൻ തന്നെ ഞാൻ തീർച്ചയാക്കി. ഈ സന്ദർഭത്തിലാണ് "യുദ്ധത്തിൽ ഭടന്മാരുടെ സംഖ്യയല്ല, പ്രാപ്തിയാണു കാര്യമായുള്ളതു" എന്ന സൊവറോവിന്റെ വാക്കുകൾ എനിക്കു ഓർമ്മവന്നതു്."

പ്രഭാതമായപ്പോഴേക്കും കൂടുതൽ സൈന്യങ്ങൾ വന്നുചേരുകയും, ഇരുപതു പീരങ്കികൾ, അമ്പതു ലോറികൾ, അഞ്ഞൂറിലധികം നാസി ആപ്പീസരന്മാരുടെയും ഭടന്മാരുടെയും ശവ ശരീരങ്ങൾ, ഇവയെ വെടിഞ്ഞു ശത്രുക്കൾ പടക്കളം വിട്ടിരിക്കുന്നതു കാണുകയും ചെയ്തു. കൂടാതെ, ആന്ദ്രേയി, നാസികളുടെ പല പ്രധാന രേഖാപ്രമാണങ്ങളും പിടിച്ചെടുക്കുകയും ചെയ്തിരുന്നു.

ഈ യുദ്ധത്തിന്നുശേഷം അയാളെ ആശുപത്രിയിലാക്കിയിരുന്നു. പക്ഷെ ഏതാനും ദിവസങ്ങൾക്കു ശേഷം അയാൾ അവിടന്നു ഓടിവന്നു തന്റെ സൈന്യവിഭാഗത്തോടു ചേർന്നു.

1943 ഏപ്രിൽ 23-ാം തിയ്യതി ജർമ്മൻ ആക്രമണത്തിന്നോടെതിരിട്ട ഒരു സൈന്യത്തിൽ, മുന്നണിയുടെ പരാക്രമങ്ങളും വൈദഗ്ദ്ധ്യവും, വീര്യവും പ്രദർശിപ്പിക്കയാൽ ആന്ദ്രേയിക്കു "സോവിയററ് സംഘത്തിലെ വീരൻ" എന്ന ബിരുദവും, "ക്യാപ്ററൻ" എന്ന വകുപ്പിലേക്കു ഉദ്യോഗക്കയററവും നൽകി.

1943 ലെ വേനൽക്കാലങ്ങളിൽ ക്യാപ്ററൻ ആന്ദ്രേയി വീണ്ടും സ്വദേശത്തു യുദ്ധം ചെയ്തുകൊണ്ടിരുന്നു. ക്രോം (Krom) സേവസ്ക് (Sevsk) എന്ന ജില്ലകളിൽ വെച്ചുണ്ടായ യുദ്ധത്തിൽ അയാൾ പങ്കുകൊണ്ടു. തങ്ങളുടെ ജന്മദേശമായ ഈ ഓറൽ പ്രദേശങ്ങളിൽ ക്യാപ്ററൻ ആന്ദ്രേയിയുടെ മൂന്നു സഹോദരന്മാരും യുദ്ധത്തിലേർപ്പെട്ടിരുന്നു.

ഇങ്ങിനെ, രണ്ടുകൊല്ലത്തെ യുദ്ധം കൊണ്ടു, ഒരു യുവസൈന്യാധിപനായ ആന്ദ്രേയി പ്രൌഢനും, ധീരനുമായ ഒരു സോവിയററ് ആപ്പീസറായിത്തീർന്നു.

ക്യാപ്ററൻ ആന്ദ്രേയി കല്പനയിൽ സ്വദേശത്തു മടങ്ങിവന്നപ്പോൾ, ഒരു കാലാൾ ഭടനും, ഒന്നാമത്തെ ലോക മഹായുദ്ധത്തിലും, റഷ്യോ-ജാപ്പനീസു യുദ്ധത്തിലും പങ്കെടുത്തിട്ടുള്ള ദേഹവുമായ തന്റെ അച്ഛൻ, "അതാ, കുട്ടീ, നീ കുടുംബത്തേയും ഓറൽ രാജ്യത്തെ പൌരന്മാരേയും അവമാനിച്ചില്ല. 1914 ൽ ഞങ്ങൾ ജർമ്മൻകാരോടെതിർത്തു. ഇനിമേൽ നമ്മുടെ റഷ്യൻ മണ്ണിൽ കാൽ വെക്കാനിടയാകാത്തമാതിരി അവരുടെ കഥ കഴിക്കുക എന്നതു നിനക്കു എത്രയും യോഗ്യമാണു" എന്നു അഭിമാനപൂർവ്വം പറഞ്ഞു.

ഇന്ന് ക്യാപ്ററൻ ആന്ദ്രേയി, തന്റെ അച്ഛന്റെ വാക്കുകളെ സഫലീകരിക്കുവാൻ, തനിക്കു കഴിയുന്നതു ചെയ്തുകൊണ്ടു വീണ്ടും ഇതാ മുന്നണിയിൽ എത്തിയിരിക്കുന്നു.

---

(9-ാം പേജിൽനിന്നു തുടർച്ച)

മാത്രമാണ് നാം കുമാരിയെ വിചാരിച്ചുവരുന്നതു്.

ഏകദേശം കാൽശതാബ്ദത്തിന്നു മുമ്പു, നമ്മുടെ രാജാവ് കുറെക്കൂടി ചെറുപ്പമായിരിക്കുമ്പോൾ, നേതൃത്വത്തിന്നുവേണ്ട ഗുണങ്ങളെപ്പററിയുള്ള തന്റെ പ്രഥമ പ്രസംഗത്തിൽ "ഒരു നേതാവിന്ന് പ്രാഭവം (personality) അനുകമ്പ, ആദർശത്വം എന്നീ മൂന്നു ഗുണങ്ങൾ വേണമെന്നാണ് എന്റെ ബോദ്ധ്യം" എന്നു പറഞ്ഞു. "വീക്ഷണശക്തിയും, ഏതു വസ്തുവും താൻ കാണുമ്പോഴത്തേതിൽനിന്നു ഭേദമായ ഒരു നിലയിലാക്കണമെന്നുള്ള ആഗ്രഹവും ഇല്ലാത്ത ഒരുവനും ഒരു നേതാവായിരിക്കാൻ സാധിക്കയില്ല."

ആ ഇളം പ്രസംഗത്തിലെ പ്രതിജ്ഞ അദ്ദേഹം നിറവേററിവരികയും, അതിന്റെ അർത്ഥം തന്റെ പുത്രിയിൽ പകരുകയും ചെയ്യുന്നു. രാജകുമാരിയുടെ വളർന്നുവരുന്ന മനസ്സിലും സ്വഭാവത്തിലും അതു പ്രത്യക്ഷമാകുന്നുമുണ്ടു്.


## എച്ച്. പി. പി.

ആവശ്യത്തിലധികം കൈവശംവെച്ചുകൊണ്ടിരുന്നാൽ

തനിക്കും കുടുംബത്തിന്നും മൂന്നു മാസത്തേക്കോ, അഥവാ തനിക്കു ന്യായമായി പ്രത്യേകം അനുമതി ലഭിച്ചിട്ടുള്ള കാലത്തേക്കോ ആവശ്യമുള്ളതിലധികമായി, സിവിൽ സപ്ലൈസ് കണ്ട്രോളർ ജനറലിനാൽ നിർദ്ദേശിക്കപ്പെട്ട ഏതെങ്കിലും സാധനം കൈവശം വെച്ചുകൊണ്ടിരിക്കുന്ന വിനിയോക്താവ് (Consumer), 1943 ലെ സംഭരണാതിലാഭനിരോധന നിയമത്തിലെ 7-ാം വകുപ്പിൻ പ്രകാരം ശിക്ഷാർഹനാണ്.

ഓർമ്മിക്കുക : നിങ്ങൾ സംഭരിച്ചു വെക്കാതിരുന്നാൽ മററുള്ളവർക്കു കൂടുതൽ ലഭിക്കും.

# എ. ആർ. പി. സ്ത്രീസൈന്യം

ഏപ്രിൽ 10-ാം തിയ്യതി ചൊവ്വാഴ്ച, ഐലണ്ടു ഗ്രൌണ്ടിൽ വെച്ചു, ബഹു: ഹോപ്പ് പ്രഭു എ. ആർ. പി. സൈന്യത്തിന്റെ ഒരു "കൂട്ടം" സന്ദർശിക്കുകയും, സൈന്യപതാക നൽകുകയും ചെയ്തു.

ചുവടേ ചേർക്കുന്ന, മദിരാശി എ. ആർ. പി. സൈന്യ ചരിത്രം രസകരമായിരിക്കുമെന്നു കരുതുന്നു:—

"ലഘുവായ രക്ഷാമാർഗ്ഗങ്ങളെക്കുറിച്ചു—വിമാനാക്രമണമുണ്ടാകുന്നതായാൽ ചെയ്യേണ്ടതെന്തെന്നതിനെക്കുറിച്ചു—സ്ത്രീകളെ മനസ്സിലാക്കുന്നതിന്നു്, എ. ആർ. പി.യ്ക്കു ഒരു വനിതാ ശാഖ ആവശ്യമാണെന്നു് 1941 ൽ ബോദ്ധ്യമായി. പുതുതായി ഇങ്ങിനെ ആരംഭിച്ച സ്ത്രീ സൈന്യത്തിന്റെ നായിക മിസ്സിസ്സ് സി. ജെ. നിക്കോളാസ്സ് ആയിരുന്നു. ഇതിന്റെ ദൃഢതരമായ നടത്തിപ്പിലേക്കു അവർ വളരെയെല്ലാം ചെയ്തു. മിസ്സിസ്സ് എ. എ. ഹെയിത്സ് ഇതിനെ സമർത്ഥമായി തുടർന്നു നടത്തിപ്പോന്നു. മിസ്സിസ്സ് ഹെയിത്സ് വേറെ എന്തോ പ്രധാന ജോലിക്കായി പോയതോടുകൂടി, അവരുടെ സ്ഥാനത്തു മിസ്സിസ്സ് പാരിജാതം നായിഡു നിയമിതയായി."

ഈ പ്രസ്ഥാനത്തിന്റെ ശാഖകൾ നാട്ടിൻപുറത്തുള്ള പല സ്ഥലങ്ങളിലുമുണ്ടു്. ആകെ ഇപ്പോൾ പതിനാറു കേന്ദ്രങ്ങളുണ്ടു്. ഇവിടെ മിക്കടത്തും എ. ആർ. പി. നിർത്തൽ ചെയ്യപ്പെട്ടിരിക്കുന്നുവെങ്കിലും, ഈ സംഘടനയുടെ ശാഖകൾ അമൂല്യമായ സേവനം നടത്തിയിരുന്നതിനാൽ, അവയെ സമാധാന കാലത്തു കൂടുതൽ പ്രയോജനപ്രദമായി—ഇംഗ്ലണ്ടിലെ "വനിതാ സ്ഥാപന"ങ്ങളുടെ ആദർശത്തിൽ—ഉപയോഗിക്കാമെന്നു ഗവൺമെന്റു നിശ്ചയിച്ചു. അതുകൊണ്ടു യുദ്ധാനന്തരപുനഃസംഘടനയുടെ ഒരു ഘടകമായി ഇതിനെ ഉപയോഗിക്കാൻ ഗവൺമെന്റു തീരുമാനിക്കുകയും, യുദ്ധാനന്തരം സ്ഥിരമായ ഒരു നിലയിൽ തുടർന്നുകൊണ്ടുപോകാൻ ഇതിനെ അനുവദിക്കുകയും ചെയ്തു.

മദിരാശിയിലും, എ. ആർ. പി. നിർത്തൽ ചെയ്തിട്ടില്ലാത്ത സ്ഥലങ്ങളിലും അന്ധീകരണം (ബ്ലാക്കൌട്ടു്), അഭയസ്ഥലങ്ങൾ (Refuge rooms), ദീപീകരണ നിയമങ്ങൾ (Lighting restrictions) ഇവയെപ്പററിയുള്ള പ്രചരണങ്ങൾ എ. ആർ. പി.ക്കാർ തുടർന്നുവരുന്നു. എന്നാൽ ഇതിന്നുപുറമെ, വേറെയും ചില ഉപയോഗപ്രദമായ ജോലികൾ ചില സ്ഥലങ്ങളിൽ ഇവർ നടത്തിവരുന്നുണ്ടു്. ഉദാഹരണമായി, ഒരിടത്തു് വയോവിദ്യാഭ്യാസം (adult education), വേറൊരിടത്തു് മുനിസിപ്പാലിററികളുമായി സഹകരിച്ചു യാചകപ്രശ്ന നിവൃത്തി, വേറെ ചിലടത്തു് ആരോഗ്യവകുപ്പുമായി സഹകരിച്ചു സാംക്രമികരോഗനിവാരണം ഇവ നടത്തിവരുന്നു.

കൂടുതൽ സ്ത്രീകൾ ഈ സൈന്യത്തിൽ ചേർന്നു പ്രസ്തുത ജോലികളിൽ സഹായിക്കുമെന്നു ആശിക്കുന്നു.

പ്രയത്നിക്കുക, സേവനം ചെയ്യുക, ഇതാണു് ഈ സൈന്യത്തിന്റെ മുദ്രാവാക്യം.

## ബ്രിട്ടീഷ്-ജർമ്മൻ യുദ്ധം

243-ാമത്തെ ആഴ്ച

1939 സെപ്തമ്പർ 3-ാം തിയ്യതി ആരംഭിച്ചു

എസ്. എസ്. എസ്.

നിങ്ങളുടെ പണത്തിന്റെ വില നിങ്ങളുടേയോ നിങ്ങളുടെ കുട്ടികളുടേയോ ഭാവിക്കായി പരിപാലിക്കണമെങ്കിൽ

ഇപ്പോൾ സമ്പാദിക്കുക.

ദേശിയ സമ്പാദ്യപത്രം

വാങ്ങുവിൻ.

# ആകാശ ഭാഷണം

## (സുഭദ്ര)

യൂക്രൈൻ പ്രദേശങ്ങളിൽനിന്നു ജർമ്മൻ സൈന്യങ്ങൾ റുമേനിയയിലേക്കു കുതികുതിച്ചോടുന്നു. അതു നോക്കിക്കൊണ്ടു് സ്റ്റാലിൻ പുഞ്ചിരിക്കൊള്ളുന്നു. ഈ സമയം ഒരു ജർമ്മൻ വിമാനം ആകാശത്തിൽ വരുന്നു. അതിൽ ഹിററ്ലർ ഉണ്ടായിരിക്കുമോ എന്നു സംശയിച്ചു, സന്നാഹത്തോടുകൂടി, മറെറാരു വിമാനത്തിൽ കേറി, സ്റ്റാലിൻ അതിനെ എതിരേററു. ഹിററ്ലറെക്കണ്ടപ്പോൾ: "പൂർവ്വസഖേ!" എന്നു സംബോധനചെയ്തു. ഹിററ്ലർ തിരിഞ്ഞുനോക്കി, അങ്ങോട്ടും അങ്ങിനെത്തന്നെ വിളിച്ചുകൊണ്ടു അഭിവാദ്യം ചെയ്തു, സംഭാഷണം ആരംഭിച്ചു.

സ്റ്റാലിൻ: യന്ത്രങ്ങൾ കൊണ്ടുമാത്രം വിജയം നേടാമെന്നു വിചാരിച്ചു, ഇല്ലെ? ജർമ്മൻ ടാങ്കുകളും വിദഗ്ദ്ധന്മാരും ഇപ്പോഴെവിടെ?

ഹിററ്ലർ: ലോകം മുഴുവൻ സഹായത്തിന്നുണ്ടായിരുന്നാൽ, ഇതിലധികവും സാധിക്കാമല്ലോ. ഞാൻ ഒററക്കല്ലേ?

സ്റ്റാ.: ലോകത്തിൽ പകുതി അങ്ങേയ്ക്കധീനമാണെന്നല്ലേ കേൾവി. മുസ്സോളിനി എവിടെ? പരന്ത്രീസു സേനയും നാവികശക്തിയുമെവിടെ?

ഹി.: അവ രണ്ടും ഞാനടക്കിയതല്ലെ?

സ്റ്റാ.: അടക്കിയതോടുകൂടി അവരുടെ യുദ്ധസാമഗ്രികളും അധീനമായില്ലെ? അത്രത്തോളം എനിക്കധീനമായിരുന്നെങ്കിൽ ഇപ്പോൾ യൂറോപ്പിൽ റഷ്യമാത്രമാകുമായിരുന്നു. എനിക്കു മററുള്ളവരുടെ ഔദാര്യം കാത്തുനില്ക്കേണ്ട?

ഹി.: അമേരിക്കയുടെ ലെൻഡ് അൻഡ് ലീസ് ബിൽ: (Lend and Lease Bill) കട—പണയ ബിൽ; എന്തിനാണ്?

സ്റ്റാ.: മററുള്ളവർ തരാനൊരുക്കമുണ്ടെന്ന് പറഞ്ഞാൽ എനിക്കു കിട്ടിയഫലമായൊ? പിന്നെ, താങ്കളുടെ മറെറാരു സഖി—ജാപ്പാൻ—എൻെറ പിൻവശത്തുനിന്നു തുറിച്ചു നോക്കുന്നില്ലേ?

ഹി.: താങ്കളുടെ ചാട്ടം അതിരു കവിഞ്ഞാൽ അയാളും വെറുതെ ഇരിക്കുമെന്നു തോന്നുന്നില്ല.

സ്റ്റാ.: അല്ലെങ്കിലും അയാൾക്കു വെറുതെയിരിക്കാൻ നിവൃത്തിയില്ല. മദ്ദളംപോലെ ഇരുഭാഗത്തുനിന്നും അടി കിട്ടാൻ തുടങ്ങിയാലോ? ഇനി നിങ്ങളുടെ സൌകര്യം നോക്കി നില്ക്കാനും അയാൾക്കു തരമില്ല.

ഹി.: ആ കാര്യം ഞങ്ങൾ തമ്മിൽ തീർച്ചപ്പെടുത്തിക്കൊള്ളാം.

സ്റ്റാ.: നിങ്ങളുടെ കൂട്ടുകെട്ടുകൊണ്ടു് മുസ്സോളിനി നാടു വിട്ടോടേണ്ടിവന്നു. ഇനി ജാപ്പാൻെറ സ്ഥിതി തുല്യംക്കു സാദ്ധ്യം ആകുമോ എന്നറിയേണ്ടതായിരിക്കുന്നു. നിങ്ങളുടെ ദുർവ്വാസന എത്രയായാലും വിടില്ലല്ലൊ. റുമേനിയ മുതലായ ചെറു രാജ്യങ്ങളിൽ പോയി അവരെ എന്തിന ദുഃഖപ്പെടുത്തുന്നു?

ഹി.: ഞാൻ നിർമ്മിച്ച യന്ത്രം എന്നെ നിയന്ത്രിക്കാൻ തുടങ്ങി. മുതലക്കടി തന്നെയാണ് എൻെറ കടി.

സ്റ്റാ: ഈ യന്ത്രം നിർമ്മിക്കാനും കടികൂടാനും ആരാണ് പറഞ്ഞതു്? ജന്മനാ ദുർബ്ബുദ്ധിയുണ്ടെന്നർത്ഥം. അതുകൊണ്ടു് ഇനിയെങ്കിലും ഞാൻ പറഞ്ഞതു കേട്ടോളൂ. മര്യാദക്കിരിക്കാൻ ഭാവമില്ലെങ്കിൽ അമ്പലം വിഴുങ്ങിയ പിശാച് ഗോപുരം വിട്ടൊഴിയുമെന്നു വിചാരിക്കരുതു്.

ഹി.: പടിവരെ ഓടിയ നായ് പിന്നീടു തിരിഞ്ഞുനില്ക്കുന്നതു കണ്ടിട്ടില്ലെ? എതിർക്കാനുള്ള സൌകര്യം നോക്കിയാണ് ഇങ്ങോട്ടു പോന്നതു്. തോറേറാടിയതാണെന്നു വിചാരിക്കണ്ട. അടുത്തെത്തിയാലറിയാം ഇനിയും ചില അസ്ത്രങ്ങൾ പ്രയോഗിക്കുമെന്ന്.

സ്റ്റാ: തവിടു തിന്നാലും തകൃതി വിടാത്തമാതിരിയല്ലേ കാണിക്കുന്നതു്. ഈ നാലഞ്ചു നാഴിക ഓടിപ്പോന്നതു തോററിട്ടല്ലെന്നാണോ പറയുന്നതു്? എന്നാൽ ഇനി തോൽവിക്കും ജയത്തിന്നും നിങ്ങളുടെ നിഘണ്ടുവിൽ പുതിയ അർത്ഥങ്ങളുണ്ടാക്കണം.

ഹി: ഞാൻ പല പുതുമകളും ലോകത്തിനു കാണിച്ചു കൊടുത്തിട്ടേ മരിക്കുകയുള്ളൂ.

സ്റ്റാ: എന്നാലിനി താമസമില്ല. കലാശമെടുക്കാം.

## യുദ്ധത്തിന്നു പോകുവാൻ തുടങ്ങുന്ന തൻെറ പുത്രനോടു മാതാവിൻെറ ഉപദേശം

(കെ. കെ. ജി. പിള്ള.)

(കാകളി)

കല്യാണദായക നീശപരൻതന്നുടെ-
കല്ലോല ചില്ലീവിലാസങ്ങളൊക്കെയും
നല്ലോണമോർത്തു മടിയാതെയെൻ മകൻ
വല്ലഭനായിട്ടു പോകരണാങ്കണേ.
കല്ലും കരളുമലിയിക്കുമീ മുഖ-
ത്തുല്ലാസമെപ്പോഴുമുണ്ടായിരിക്കണം.
ശത്രുജനങ്ങളടുത്തു വന്നീടുമ്പോൾ
വിത്രസ്തനാകാതെ പോർ വിളിച്ചീടണം.
ശിക്ഷിട്ടൻ "ശിവജി" തുടങ്ങിയ മക്കളെ-
പ്പെററുവളർത്തിയ മാതൃഭൂവിന്നു നീ
അപ്പൂർവ്വരക്തം തിളയ്ക്കും സിരകളാൽ
തൃപ്തിവരുത്തുക, പോകുക, സാമ്പ്രതം.
രാജാവു ദൈവമെന്നോർക്കണം ലോകത്തി-
ലാജീവനാന്തം സുഖമുദിച്ചീടുമേ!
എന്നെയും, ധന്യനാം നിൻ പിതാതന്നെയും,
വന്ദ്യരാം പൂർവ്വികന്മാരെയും സർവ്വദാ,
നിന്മാതൃ ഭാരതമാതാവുതന്നെയും,
നന്മയോടോർത്തു നീ പോവുക പോരിനായ്.
ബ്രിട്ടൻ നമുക്കുള്ള രാജാവു്; ദൈവമായ്-
പ്പട്ടാങ്ങുമോർക്കണം പൊന്നുമകനെ! നീ-
സത്യവും ധർമ്മവും നിത്യം ജയിച്ചീടും.
ശത്രുവെ വെന്നുവരിക! യശസ്വിയായ്.
കീർത്തിയു, മായുരാരോഗ്യാദി സൌഖ്യസം-
പൂർത്തിയുമൊത്തു സുചിരംലസിക്ക നീ.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.